# അതിജീവനം

കോളേജ് മാഗസിൻ



**CRESCENT B.Ed. COLLEGE,**

Madayipara, Payangadi



“Education is the most powerful weapon
which you can use to change the world.”

-Nelson Mandela

# CRESCENT B.Ed. COLLEGE, MADAYIPARA

P O Payangadi R S, Kannur District, PIN 670 358, Kerala
(Approved by Govt of Kerala, Recoganised by NCTE, and Affiliated to Kannur University)
E mail crescentB Ed@gmail.com ,www.crescenteducation.org

# അതിജീവനം

# 2019-21



# അതിജീവനം

# 2019-21

Chief Editor:
**Dr. Joseph Kacharayil**

Staff Editor:
**Sri. Balakrishnan P**

Student Editor:
**Miss.Revathy K P**

Cover Design:
**Mr. Adwaith Vimod**

Thanks:
**Smt. Sangeerthana**

Printing:
**Deepeeyz print, Kannur**

Place of Publication:
**Crescent B.Ed. College**
**Madayippara, Pazhayangadi**

Periodicity of Publication:
**Annual**

Printer & Publisher:
**Dr. Joseph Kacharayil**

Nationality:
**Indian**

Address:
**Principal**
**Crescent B.Ed. College**
**Madayippara, Pazhayangadi**



I Joseph Kacharayil hereby declare that the particulars given above are true to the best of my knowledge and belief.

Chief Editor:

“നമ്മുടെ ഉറക്കം നഷ്ടപ്പെടാതിരിക്കാൻ സ്വയം ഉറക്കം നഷ്ടപ്പെടുത്തി സ്വാപ്നങ്ങളും സന്തോഷങ്ങളും മാറ്റിവെച്ച് നമുക്കു കാവലിരിക്കുന്ന കോവിഡ് പോരാളികൾക് സമർപ്പണം...
സ്നേഹത്തോടെ....ആദരവോടെ....”



പേടിയില്ലാത്ത ധൈര്യമുള്ള തലമുറയെയാണ് ഞാൻ മോഹിക്കുന്നത്. വാക്കുകൾക്ക് കരുത്തുണ്ടാകണം, പേനയ്ക്കും.

മഹാപാപങ്ങൾ കണ്ടറിയുമ്പോൾ പേടിക്കുന്നവരാകരുത് നിങ്ങൾ, ഭയപ്പെടരുത്, ധർമ്മവും മൂല്യവും മര്യാദയുമെന്തെന്നറയുന്ന കാരുണ്യമുള്ള തലമുറയായിവേണം നിങ്ങൾ വളരാൻ...

വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം ഇതുകൂടിയാണ്.

സുഗതകുമാരി



ഒരു കണ്ണീർക്കണം
മറ്റുള്ളവർക്കായി
ഞാൻ പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവിലായിരം
സൗരമണ്ഡലം,
ഒരു പുഞ്ചിരി ഞാൻ
മറ്റുള്ളവർക്കായി
ചെലവാക്കവേ
ഹൃദയത്തിലുലാവുന്നു
നിത്യനിർമല പൌർണമി.

അക്കിത്തം





"Live as if you were to die tomorrow. Learn as if you were to live forever."

-Mahatma Gandhi

# “റാങ്കിന്റെ പൊൻതിളക്കം ”




**അനുശ്രീ എം നമ്പ്യാർ**

(2018-20 BEd English)

“

**ക്രസന്റിന്റെ തൊപ്പിയിൽ ഒരു പൊൻതൂവൽ കൂടി....**
**കണ്ണൂർ യൂണിവേഴ്സിറ്റി 2018-20 B.Ed പരീക്ഷയിൽ**
**രണ്ടാം റാങ്ക് കരസ്ഥമാക്കിയ അനുശ്രീക്ക് ഹൃദയം**
**നിറഞ്ഞ അഭിനന്ദനങ്ങൾ...**

”


“അത്‌ലറ്റിക്‌സിൽ ഇന്ത്യയുടെ
തങ്കച്ചാർത്ത് ”
NEERAJ CHOPRA
JAVELIN THROW- GOLD MEDAL
(TOKYO OLYMPICS 2020)
INDIA
INDIA
CHOPRA

“നൂറ്റിനാല്പതുകോടി
സ്വപ്നങ്ങളെ ചുമലിലേറ്റിയവൾ”




**MEERA BHAI CHANU**

WEIGHTLIFTING - SILVER MEDAL
(TOKYO OLYMPICS 2020)

# കലയുടെ നഷ്ടങ്ങൾ 2021



S. P. ബാലസുബ്രഹ്മണ്യം



K.R. സച്ചിദാനന്ദൻ



അനിൽ നെടുമങ്ങാട്



അനിൽ പനച്ചൂരാൻ



അനിൽ മുരളി



ശശി കലിംഗ

# ഓർമച്ചിത്രം



പൊട്ടിച്ചിരികളും നൃത്തച്ചുവടുകളും സ്വപ്നങ്ങളും പ്രതീക്ഷകളും ഉപേക്ഷിച്ച് നമ്മെ വിട്ടുപിരിഞ്ഞ നമ്മുടെ പ്രിയപെട്ട സുനിഷ. നിഷ്കളങ്കമായ ആ പുഞ്ചിരി ബാക്കിയാക്കി നീ മറഞ്ഞു പോയല്ലോ. കാലമെത്ര കഴിഞ്ഞാലും നീ തന്ന ഓർമ്മകൾ നമ്മുടെ മനസ്സിൽ ഉണ്ടാകും.

ആദരാജ്ഞലികൾ 🌹

സുനിഷ. കെ.വി

(2016-18 Batch Social Science)



**PV SINDHU**

BADMINTON - SILVER MEDAL
(TOKYO OLYMPICS 2020)

"ഒളിംപിക്സിൽ ഇന്ത്യയുടെ
പെൺകരുത്ത് "



**LOVLINA BORGOHAIN**

BOXING - BRONZE MEDAL
(TOKYO OLYMPICS 2020)

“ ടോക്യോയിൽ ഇന്ത്യയുടെ മെഡൽ
വസന്തം തീർത്തവർ ”



**RAVI KUMAR DAHIYA**

WRESLING 57KG - SILVER MEDAL
(TOKYO OLYMPICS 2020)



**BAJRANG PUNIA**

WRESLING 65KG - SILVER MEDAL
(TOKYO OLYMPICS 2020)




Dr. JOSEPH KACHARAYIL
(PRINCIPAL)




**Dr. NEENA M.K**
**(FORMER PRINCIPAL)**

It s indeed a great pleasure to hear that Crescent BEd college is launching their annual magazine by taking a lot of strenuous efforts and pain..At the outset, I would like to congratulate all those creative minds who are behind it amidst of the pandemic and I would like to shower all my blessings...

## MANAGEMENT COMMITTEE



**Mr. EK Abdul Hameed Haji**
(Director, NMDS)



**Mr. T.P. Hameed**
(Chairman, NMDS)



**Mr. EK Siddique**
(Treasurer, NMDS)



**Mr. TV Gangadharan**
(Administrative Officer, NMDS)

## EDITORIAL BOARD



**Dr. Joseph Kacharayil**
(Chief Editor)



**Mr. Balakrishnan P**
(Staff Editor)



**Revathi K P**
(Student Editor)



**Swetha Pavithran**
(Physical Science)



**Babisha K**
(Mathematics)



**Akshara**
(Physical Science)



**Karnika**
(Social Science)



**Naznin Nazir**
(Natural Science)



**Deepthi Gangadharan**
(Natural Science)

“നാലു പതിറ്റാണ്ടു നീണ്ട കാത്തിരിപ്പ് ”




**INDIAN HOCKEY TEAM**

BRONZE MEDAL
(TOKYO OLYMPICS 2020)




" മലയാളത്തിന്റെ വെങ്കല ശോഭ "
P.R. SREEJESH
HOCKEY -BRONZE MEDAL
(TOKYO OLYMPICS 2020)

# CONTENT


1. ഇന്ത്യതൻ നേർപടം................ 30

2. ഒളിമ്പിക്സ് അതിജീവനം...... 32

3. ടിക് ടോക് ...................................... 34

4. My eternal lover......................... 35

5. ഓർമപ്പെടുത്തൽ...................... 36

6. Ode to my love......................... 37

7. ദുരവസ്ഥ................................. 38

8. നമ്മളിലെ നമ്മളിലേക്ക് ഒരു എത്തിനോട്ടം 39

9. കാനാ.......................................... 40

10. ജീവിതത്തിലെ ആദ്യത്തെ ക്വാറ ൻറ്റൈൻ 42

11. വെറുതെയല്ലീ നാലക്ഷരം...... 45

12. മാറേണ്ടത് മനോഭാവം........... 46

13. പതറില്ല മുന്നോട്ട് തന്നെ....... 48

14. Annual report......................... 50

15. Match Boxes............................... 55

16. Tour report................................ 56

17. ടിക്കോകിൻലോകം.................. 63

18. Union Report............................ 64

19. Achievements............................ 66

20. മകളോട് .................................... 67

21. ഇന്നലെകൾ വേദനിപ്പിക്കാനില്ല 68

22. The silent departure................. 69



വളരെ സുന്ദരമായ ഒരു പദമാണ് ജീവിതം.ഇത് കേൾക്കുമ്പോ തന്നെ
നമ്മുടെ മനസ്സിലൂടെ എത്രയോ സന്ദർഭങ്ങളോ അനുഭവങ്ങളോ കടന്നു
പോയ്കൊണ്ടിരിക്കും. ജീവിതത്തിന്റെ ഓരോ സന്ദർഭത്തിലും വ്യത്യ
സ്ഥങ്ങളായ പ്രതിസന്ധികളെ നേരിടുന്നവരാണ് നാം ഓരോരുത്തരും.
പ്രശ്നങ്ങളുടെ തീവ്രത കൂടിയും കുറഞ്ഞും ഇരിക്കുമെന്നു മാത്രം. ലേ
ാകമെമ്പാടും ഇന്ന് ഇചരഡകള19 എന്ന മഹാമാരിയെ നേരിട്ടു കൊണ്ടിരി
ക്കുകയാണ്. നമ്മുടെ രാജ്യമായ ഇന്ത്യയും ഇതിന്റെ പിടിയിൽ തന്നെയാ
ണ്. എന്ത് ചെയ്യണം എന്നറിയാതെ ലോകം തരിച്ചു നിൽക്കുകയാണ്.
എന്നാലും പ്രതീക്ഷ കൈവിടാതെ രാപ്പകലില്ലാതെ അധ്വാനിക്കുകയാണ്
എല്ലാവരും എന്ന കാര്യം വിസ്മരിക്കുന്നില്ല. ഈ ആധുനീക ലോക
ത്ത് വന്ന് ചേരുന്ന എല്ലാ പ്രതിസന്ധികളെയും അഭിമുഖീകരിക്കേണ്ടത്
അത്യന്താപേക്ഷിതമാണ്. കേരളം കഴിഞ്ഞ വർഷങ്ങളിൽ നേരിട്ട ഏറ്റവു്
വലിയ പ്രതിസന്ധികളിൽ ഒന്നാണ് പ്രളയം. ഇപ്പോഴാകട്ടെ കോവിഡ് 19
എന്ന മഹാമാരിയും.ഇതെല്ലാം തരണം ചെയ്യാനുള്ള നെട്ടോട്ടത്തിലാണ്
നാം എല്ലാവരും. നാം നേരിടുന്ന എല്ലാ പ്രശ്നങ്ങളുടെയും സ്വഭാവം ഒരു
പോലെ ആകണമെന്നില്ല. ഈ പ്രശ്നങ്ങളെ തരണം ചെയ്യുകയും ഇല്ലാ
യ്മ ചെയ്യുകയും ചെയ്താൽ മാത്രമേ നമുക്ക് സുഗമമായി മുന്നോട്ട്
പോകാൻ സാധിക്കുകയുള്ളൂ. ഓരോ വ്യക്തിയുടെയും ഉള്ളിൽ നിന്നു
വരേണ്ടതാണ്  സമർപ്പണം.ഇതുണ്ടെങ്കിൽ മാത്രമേ കാര്യങ്ങൾ വ്യക്ത
മായും സുഗമമായും മുന്നോട്ട് കൊണ്ടു പോകാൻ സാധിക്കുകയുള്ളു.
സത്യത്തിൽ ജീവിതം ഒരു യാത്രയാണ് .പ്രസ്തുത യാത്രയിൽ ധാരാ
ളം നല്ല മനുഷ്യരെയും പ്രകൃതിയെ സ്നേഹിക്കുന്നവരെയും പലത
രത്തിലുള്ള ജീവജാലങ്ങളെയും കാണുന്നു.അതു പോലെ തന്നെ
പ്ര യാസമുള്ളവരെയും മനോ ദു:ഖവും വിഷാദവും ഉള്ളവരെയും പരി
ചയപെട്ടിരിക്കാം. നൻമകളും തിൻമകളും പിചയക്കപെട്ടേക്കാം. ഈ യാ
ത്ര എരപ്പാൾ അവസാനിക്കുന്നു വെന്നോ എന്ന് തുടങ്ങുന്നുവെന്നോ
ചിലപ്പോൾ വ്യക്തതയില്ലായിരിക്കും.എന്നിരുന്നാലും ഈ യാതയിൽ വീ
ണു കിട്ടുന്ന ചില നല്ല നിമിഷങ്ങൾ എല്ലാവർക്കും ഉണ്ടാകും. അതെ
ല്ലാം വാക്കുകളിലാക്കി നമുക്ക് നെഞ്ചോട് ചേർത്ത് വെക്കാം. പരസ്പ
രം പങ്കു വെയ്ക്കുകയുമാവാം. ഓരോ നിമിഷവും വിലപ്പെട്ടതാണ്.അത്
കഴിഞ്ഞു പോയതാണെങ്കിലും വരാനിരിക്കുന്നത് ആയാലും... അതെ
ല്ലാം നല്ല മധുരമുള്ള ഓർമ്മകളാക്കി സൂക്ഷിക്കാം. കാലം കടന്നു പോയ്
കൊണ്ടേയിരിക്കുന്നു. നമുക്കും അതോടൊപ്പം തന്നെ സഞ്ചരിക്കാൻ ശ്രമി
ക്കാം. വിജയത്തോടൊപ്പം പരാജയവും ഉണ്ടെന്ന അറിവ് നമ്മളെ കർമനി
രതരാക്കട്ടെ .......

സ്നേഹപൂർവ്വം
സ്റ്റാഫ് എഡിറ്റർ
ബാലകൃഷ്ണൻ പി



"Nothing can last forever. There is not any memory, no matter, how intense that does not fade out at the last. "

-Juan Rulfo-

ലാറ്റിൻ അമേരിക്കൻ സാഹിത്യം കണ്ട ഏറ്റവും മികച്ച വിപ്ലവ രചനയായി
രുന്നു ഹുവാൻ റൂൾഫോയുടെ ചരിത്രം സൃഷ്ടിച്ച നോവലായ ' പെഡ്രോ
പരാമോ.' ലോകം കീഴടക്കിയെന്ന് സ്വയം കരുതുന്ന ഏകാധിപതികർ പേ
ാലും കാലത്തിന്റെ ക്രൂരതയ്ക്ക് മുന്നിൽ ദയനീയമായി നോക്കി നിൽക്കുന്ന
അവസ്ഥ അത്രയും അസാധാരണമായ ചാരുതയോടെ ചിത്രീകരിക്കപ്പെട്ട നേ
ാവൽ. കോവിഡ് എന്ന മഹാമാരി ലോകത്തെ നടുക്കിയത് മരണം എന്ന തീ
രാനഷ്ടം കൊണ്ട് മാത്രമല്ല, അനേകായിരം ജീവിത യാഥാർത്ഥ്യങ്ങളിലേക്കുള്ള
ഒരു ചൂണ്ടുവിരൽ കൂടിയാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന കാ
ലങ്ങളിലാണ് 25 ലക്ഷത്തോളം മനുഷ്യായുസ്സിനെ ഞെരിച്ചമർത്തിയ 'പ്ലേഗ്'
എന്ന മഹാമാരി ലോകരാജ്യങ്ങളിലെ സാമൂഹികം, രാഷ്ട്രീയം അങ്ങനെ എല്ലാ
മേഖലകളെയും പിടിച്ചുലച്ചത്.

'പ്ലേഗ് മുതൽ കോവിഡ് വരെ' എന്ന ചരിത്രകാരന്മാർക്ക്
ഗവേഷണം നടത്താൻ അനേകായിരം കാര്യങ്ങളുണ്ട്. അതിജീവനം എന്നത്
തികച്ചും സന്ദർഭോചിതവും അർത്ഥവത്തുമായ ഒരു ശൈലി തന്നെയാണ്.
നിലനിൽപ്പ് എന്നത് തികച്ചും വിപ്ലവകരമായ ഒരു പ്രവർത്തിയാണെന്ന് ആൽ
ബർട്ട് കാമസ് ഒരിക്കൽ അഭിപ്രായപ്പെടുകയുണ്ടായിട്ടുണ്ട്. ജീവിതം നൈ
മിഷികമാണെന്ന് എല്ലാ കാലങ്ങളിലും എല്ലാ കൃതികളിലും സാക്ഷ്യപ്പെടു
ത്തുകയുണ്ടായിട്ടുണ്ട്, ഇന്നിതാ ഈ മഹാമാരി മനുഷ്യജീവിതമെന്ന മഹാപ്ര
ഹേളികയുടെ മറ്റൊരു സാക്ഷ്യപ്പെടുത്തൽ ആവുകയാണ്. സുന്ദരമായ ഒരു
വസന്തകാലത്തെ വരവേൽക്കാൻ വൃക്ഷങ്ങൾ തന്റെ ഇലകൾ പൊഴിക്കുന്ന
ഒരു കാലഘട്ടം ഉണ്ട്. വരൾച്ചയെ മനുഷ്യൻ വെറുക്കുന്ന ഒരു പ്രതിഭാസം
ഉണ്ട്. ഓരോ ദിവസവും അസ്തമയസൂര്യനെ നോക്കിയിരിക്കുമ്പോൾ നാളെ
എന്നത് ഒരു പ്രതീക്ഷയാണ്. അതുകൊണ്ടുതന്നെ ഓരോ ദിനവും മനുഷ്യന്റെ
അതിജീവനത്തിന്റെ വഴിത്താളുകളാണ്.

മഹാമാരിയുടെ ഈ നാളുകൾ ക്രസെന്റ് ബി.എഡ്
കോളേജിലെ അധ്യാപക വിദ്യാർത്ഥികൾ ലോക്ഡൗൺ അനുഭവങ്ങൾ എന്ന
രീതിയിലാണ് ഈ ഒരു മാഗസിൻ മുന്നോട്ടുവയ്ക്കുന്നത്. അതിജീവനത്തിന്റെ
ശുഭപ്രതീക്ഷയോടെ, പുത്തൻ നാമ്പുകളാകട്ടെ എന്ന പ്രതീക്ഷയോടെ...

സ്നേഹപൂർവ്വം
സ്റ്റുഡന്റ് എഡിറ്റർ
രേവതി കെ പി

# UNION MEMBERS



**Keerthana N V**
(Chairperson)



**Alden Denver Menzel**
(Vice Chairman)



**Varna K Nambiar**
(General Secretary)



**Mashoora Abdul Majeed**
(Joint secretary)



**Manya Gop**
(Fine Arts secretary)



**Revathi K P**
(Student Editor)



**Jeena Dasan K**
(General Captain)



**Athul Babu**
(U U C)

# Class Representatives



**Siji T K**
(Physical Science)



**Vachana**
(Social Science)



**Farsana P K**
(English)



**Shalabha N**
(Natural Science)



**Babisha K**
(Mathematics)

# TEACHING FACULTY



**Dr. Joseph Kacharayil**
(Principal)



**Mrs. Uma P V**
(Asst.Prof. in Physical Science)



**Mrs. Lisha T**
(Asst.Prof in General Education)



**Mr. Santhosh Kumar K V**
(Asst.Prof in General Education)



**Mr. JayeshThadathil**
(Asst.Prof. in English)



**Mrs. Shynimol D**
(Asst.Prof. in Social Science)



**Mrs. Sreena PT**
(Asst.Prof. in Natural Science)



**Mr. Ranjit K**
(Associate Prof. in Physical Education)



**Mr. Shimoj.MV**
(Asst.Prof. in Physical Science)



**Mrs. Sapna K**
(Asst.Prof. in Social Science)

## TEACHING FACULTY



**Mrs. Subha A**
(Asst.Prof. in English)



**Mr. Balakrishnan P**
(Asst.Prof. in Mathematics)



**Mr. Ajithkumar AK**
(Asst.Prof. in Natural Science)



**Mrs. Prameela PV**
(Asst.Prof. in Mathematics)



**Mrs. Vismaya C**
(Asst.Prof. in Natural Science)



**Mrs. Ashitha PV**
(Asst.Prof. in ICT-part time)

## NON-TEACHING STAFF



**Mr. Krishnan P**
(Office Superintendent)



**Mrs. Mani Pavithran**
(Office Assistant)



**Mrs. Remya M**
(Librarian)



**Mrs. Nisha M**
(Last Grade Employee)



**Mrs. Reena PP**
(Last Grade Employee)

## CLUB LEADERS

MATHS CLUB



**Vismaya**
(Secretary, Maths Club)



**Rasmitha P**
(President, Maths Club)

SOCIAL CLUB



**Amritha KV**
( Secretary, Social science club)



**Dishna Prasad**
(President, Social science club)

ECO CLUB



**Ashitha PV**
(Secretary, Eco Club)



**Muhaira Halmia BV**
(President, Eco Club)

HEALTH CLUB



**Jeena Dasan K**
(Secretary, Health Club)



**Layana P**
(President, Health Club)

LITERATURE CLUB



**Varna K Nambiar**
(Secretary, Literature Club)



**Revathi KP**
(Secretary, Literature Club)



രേവതി കെ പി
(English)

# ഇന്ത്യതൻ നേർപടം

സുഹൃത്തേ ഇന്ത്യ തൻ  ഭൂപടം
ബൈഫോക്കൽലെൻസിനാൽ കാണാൻ കഴിയാത്ത
ജന്തുശാസ്ത്രത്തിൽ നീ പഠിച്ച സ്കൾട്ടനെക്കാൾ
വികൃതമായ ഇന്ത്യാമഹാരാജ്യത്തിന്റെ  'ഭൂ'പടം
നമുക്കൊരുയാത്രയായാലോ
നീണ്ടതും കുറിയതുമായ ഓരോവരകളിലൂടെ സഞ്ചരിച്ച്
ചുറ്റിനും കാണുന്ന നീലക്കടലും സഹ്യാർദ്രിയും
താണ്ടി ദീർഘമായൊരു യാത്ര...
ഷാജഹാനും,ഹുമയൂണും,അക്ബറും,ബാബറും
കേൾവികേട്ട ഭൂഹൃദയങ്ങൾ പണികഴിപ്പിച്ച ഭാരതം
വരൾച്ചനേരിട്ട ജലരേഖകൾ പൂർവികരുടെ
അവശേഷിപ്പുകളാകാം
ഇനിയും മുന്നോട്ട്, കാവിമെഴുകിയ മൺപാതകളിൽ
മുണ്ഡനം ചെയ്ത ശിരസ്സുകൾ
തെരുവുപെണ്ണിൽ അടിവയറിൽ വംശവെറികോർക്കും
ഉയിരിൻപിടച്ചിലുകൾ...
ഇവിടെയെങ്ങാൻ നിൻ സഹോദരൻ
മതേതരത്ത്വത്തിൻറെ ഭൂപടത്തിന് വില പേശിയിരുന്നു,
പെറ്റവയറിനായി നെഞ്ചിൽ വെടിയേറ്റൊരു വൃദ്ധൻ

തെരുവലഞ്ഞിരുന്നു.
നാരീ പൂജയ്ക്ക് പലിശ പണം കെട്ടി
കാമംനിറയുംവാക്കുകൾ ചവച്ചുതുപ്പുന്നവർ
രക്തസങ്കീർണ്ണത തളംകെട്ടും ആത്മീയമണ്ഡലങ്ങളിൽ
നഞ്ചുവാങ്ങാൻ പണം തികയാത്തവൻറെ
പിച്ചപാത്രങ്ങളിൽ കൈയിട്ടു വാരുന്ന ജീർണ്ണമായ
രേഖാംശരേഖാപ്രദേശങ്ങൾ തളർന്നിരിക്കാം പക്ഷേ യാത്രതു
ടരുക തന്നെ വേണം...
മനുഷ്യരിൽ മനുഷ്യത്വത്തിൻറെ വേരുകൾ പാകിയെടുത്ത
ഒരു കവിയെ നിനക്കവിടെ കാണാം
ആൾദൈവങ്ങൾ വസിക്കും കളിമൺപാവകളിൽ
യുക്തികൊണ്ട്  അഭിഷേകം നടത്തിയ രക്തസാക്ഷി...
ഏകലവ്യനും, ശംബൂകനും...
ഇന്നേയ്ക്കുമൊടുവിൽ ജന്മശാപം തലച്ചുമടായ്
ചുമന്നേ മരിക്കുന്ന സഹയാത്രികനും...
രക്തത്തെ ഉദരത്തിൽ ചുമക്കുവോൾതൻ
വിയർപ്പൊട്ടിയ മനുഷ്യക്കോലം ചുമക്കുന്ന
പട്ടിണിപ്പാവങ്ങൾ
വരകൾക്കുമുള്ളിൽ പുകയുന്ന ഇന്ത്യതൻ ഹൃദയമാണിത്
വിഴുപ്പുപേറുന്ന വാക്കുകളാൽ വർണിക്കാനുമാകാത്ത
ഇന്ത്യതൻ 'നേർപടം'




സന്തോഷ് കുമാർ കെ വി
(Asst. Prof. in Education)


# ഒളിമ്പിക്സ് അതിജീവനം

കോവിഡ് മഹാമാരിയുടെ കാലത്തെ ഒളിമ്പിക്സിന് ടോക്കിയോ വേദിയാകുന്നു. ഏറ്റവും വലിയ കായിക മാമാങ്കമായ ഒളിംപിക്സിനെ രണ്ടു തവണ വരവേൽക്കുന്ന നഗരിയാണ് ടോക്കിയോ. നമുക്കറിയാം ലോകം ഒരു ഞെട്ടലിൽ നിന്നും മുക്തം ആകാത്ത സാഹചര്യത്തിലാണ്അതിജീവനത്തിന് അങ്ങേയറ്റം ആയ ഈ ലോക മാമാങ്കം അരങ്ങേറുന്നത്.അതുകൊണ്ടുതന്നെ പല തരത്തിലുള്ള അതിജീവനത്തിന് ഓർമ്മ പുതുക്കലാണ് ഈ ഒളിമ്പിക്സ്. മുപ്പത്തി രണ്ടാമത്തെ ഒളിമ്പിക്സിന് പ്രധാനസവിശേഷത ഈ വർഷം കാണികൾ ഇല്ല എന്നതാണ്. രാജ്യങ്ങൾ തമ്മിലുള്ള സൗഹൃദപരമായ പരസ്പര പോരാട്ടത്തിൽ സാക്ഷികളാകാൻ ഒഴിഞ്ഞ സ്റ്റേഡിയം മാത്രമാണ്. പുതിയ താരങ്ങളെ വരവേൽക്കാൻ ഒഴിഞ്ഞ ഇരിപ്പിടങ്ങൾ മാത്രമാണ് സാക്ഷി, മറ്റൊരു സവിശേഷതയായി കാണുന്നത് ഒളിമ്പിക്സ് മുദ്രാവാക്യത്തിന്റെ കാര്യത്തിലാണ്, കൂടുതൽ വേഗത്തിൽ ഉയരത്തിൽ,കരുത്തോടെ, ഇതിന്റെ കൂടെ ഒരുമിച്ച് എന്നുകൂടി കൂട്ടിച്ചേർത്തു, അത് മറ്റൊന്നുമല്ല ഈ മഹാമാരിയെ മനുഷ്യന്റെ പരസ്പര നന്മകൊണ്ട് ഒരുമിച്ചു നേരിടുക എന്നതാണ്. സാഹോദര്യവും മാനവികതയും കൂട്ടായ്മയുമാണ് മനുഷ്യന് വേണ്ടത് എന്ന മഹത്തായ സന്ദേശം കൂടി ഇതിലുണ്ട്. ഇതൊക്കെയാണെങ്കിലും ഇവിടെയും പ്രതിഷേധത്തിന്റെ സ്വരങ്ങൾ ഒരുഭാഗത്ത് ഉയരുന്നുണ്ട്. കായികതാരങ്ങൾക്കും മറ്റും വൈറസിന്റെ സാന്നിധ്യം കണ്ടതോടുകൂടി ആരോഗ്യ പ്രവർത്തകരും പൊതു പ്രവർത്തകരും ഈ നഗരങ്ങളിലും പ്രതിഷേധവുമായി എത്തിയിരിക്കുകയാണ്. ലോക യുദ്ധങ്ങൾ തകർത്തെറിഞ്ഞ ജപ്പാന് തീർച്ചയായും ഇതൊരു അതിജീ



വനത്തിന്റെ ഒളിമ്പിക്സ് കൂടിയാണ്.ഇപ്പോഴും ഓരോ വർഷവും വ്യത്യസ്തങ്ങളായ ദുരന്തങ്ങൾ അനുഭ വിച്ച അതിനെയെല്ലാം നേരിട്ടുകൊണ്ടാണ് ജപ്പാനീ സ് ജനത മുന്നേറുന്നത്.

ലോകം മുഴുവനുള്ള കായികപ്രേമി കൾ 17 ദിവസം നീണ്ടുനിൽക്കുന്ന ഈ പോരാ ട്ടം വീക്ഷിക്കുമ്പോൾ ഇതിന്റെ നഷ്ടം എന്നത് ഒഴിഞ്ഞ ഗ്യാലറികൾ ആണ്. ഇത്രയും മനോഹരമായ ഉദ്ഘാടന ചടങ്ങുകൾ നടക്കുമ്പോഴും ജപ്പാൻ ജനത ടെലിവിഷനിൽ കാഴ്ചകൾ കാണേണ്ടിവന്നു. അവ സാനം വരെ നീണ്ട സസ്പെൻസിനോടുവിൽ ന വോമി ഒസാക്ക ദീപം തെളിയിച്ചപ്പോൾ അത് പുതിയ ചരിത്രമായി.1964 ഒളിമ്പിക്സിൽ പങ്കെടുത്ത കായി കതാരങ്ങൾ നട്ടുവളർത്തിയ മരങ്ങളിലെ തടി ഉപ യോഗിച്ചാണ് ഒളിംപിക്സ് വളയങ്ങൾ ഉണ്ടാക്കിയത്. അതിനെ നാഷണൽ സ്റ്റേഡിയത്തിൽ ഒരുമയുടെ ഗീതം പാടി, വർണ്ണങ്ങൾ വിരിഞ്ഞു ഒളിമ്പിക്സ് പതാകയും വളയങ്ങളും പ്രത്യക്ഷപ്പെട്ടു

ആതിഥേയരായ ജപ്പാൻ മികച്ചപ്രകടനം പ ുറത്തെടുക്കാനുള്ള ഒരുക്കത്തിലാണ്. ഏഷ്യയുടെ കായിക കരുത്തായ് ചൈനയും ഒരുങ്ങി തന്നെയാ ണ്. കോവിഡ് കാരണം അമേരിക്കയുടെ പല പ്രധാന പ്പെട്ട താരങ്ങളും മത്സരത്തിൽ ഇല്ല.ഒടുവിൽ ആര് ചാമ്പ്യന്മാർ ആകും എന്നത് നമുക്ക് കാത്തിരുന്നു കാണാം. ഇവരുടെ കൂടെ ഇന്ത്യയും വേദിയിൽ ഉണ്ട്,ഇത്തവണ മുൻപത്തേക്കാൾ കൂടുതൽ പേരെ പങ്കെടിപ്പിക്കുന്നുണ്ട്. നമുക്കും മെഡൽ പ്രതീക്ഷ കൈവിടാതിരിക്കാം. ഇന്ത്യയ്ക്ക് 2008 ൽ ഷൂട്ടിംഗിൽ കിട്ടിയതാണ് വ്യക്തിഗത സ്വർണം. അതുപോലെ കേരളത്തിൽ നിന്നും അഭിമാന താരങ്ങൾ ഒളിംപ ിക്സിൽ പങ്കെടുക്കുന്നുണ്ട്. പക്ഷേ മലയാളി വനി തകൾ ഇക്കുറി ഒളിമ്പിക്സിൽ പങ്കെടുക്കുന്നില്ല. ഇതുപോലെ ലോകത്തെ ഒന്നിപ്പിക്കാൻ ഒളിമ്പിക്സി ന് കഴിയും. മനുഷ്യരാശിയെ ഒന്നിച്ചു ചേർക്കാൻ മറ്റൊരു മാമാങ്കത്തിനു സാധിക്കില്ല.

എന്തൊക്കെ ആണെങ്കിലും ഒളിമ്പിക്സ് ഒരു വെറും കായികമേള മാത്രമായി നമുക്ക് കാണാൻ സാ ധിക്കില്ല. ഒരുപാട് സംസ്കാരങ്ങളുടെ കൂടിച്ചേരലു കൾ കൂടിയാണിത്. അവിടെ ജാതി,മതം, വംശം,ഭാഷ, അതിർത്തിഎന്നിവയ്ക്ക് യാതൊരു പ്രസക്തിയുമില്ല. എല്ലാം മറന്ന് സൗഹൃദ പോരാട്ടങ്ങളുടെ വേദി മാ ത്രമാണ് ഓരോ പൗരന്റെയും മനസ്സിൽ. ഇതൊക്കെ കൊണ്ടുതന്നെയാണ് ഒളിമ്പിക്സ് സമ്പന്നമാകാൻ കാരണവും. ഒരു വർഷം വൈകിയാണ് ഈ വർഷം ഒളിമ്പിക്സിന് തുടക്കം. ഒരുക്കങ്ങൾ എല്ലാം കഴിഞ്ഞ് മേളയെ വരവേൽക്കാൻ ഒരുങ്ങുമ്പോഴാണ് കോവിഡ മഹാമാരി ലോകത്തെ ആകെ പിടിച്ചു കുലുക്കിയത്. അത് ജപ്പാന്റെ സ്വപ്നങ്ങളും ആവേശവും തകർത്തു കളഞ്ഞു. അതൊക്കെ കൊണ്ട് ഈ വിശ്വ കായികമേള യ്ക്കു ഒളി മങ്ങുമോ എന്ന ആശങ്കയും, ഒരുഭാഗത്ത് നിഴലിച്ചു നിൽക്കുന്നു പ്രതിഷേധങ്ങൾ മറുഭാഗത്തും നടക്കുന്നു.

സമാനതകളില്ലാത്ത ദുരന്തങ്ങളിൽ നിന്നും ജപ്പാ ന് ചിലതെല്ലാം തെളിയിക്കാനുള്ള ഒരു അവ സരം കൂടിയാണ് ഈ ഒളിമ്പിക്സ്. എന്തൊക്കെ പറഞ്ഞാലും ദുരന്തങ്ങൾ ഒന്നൊന്നായി വേട്ടയാടി യപ്പോഴും സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിച്ച പ്പോഴും തകരാത്ത മനസ്സാണ് ജപ്പാൻ ജനതയ്ക്ക്.



# ടിക് ടോക്



Alden Denver Menzel
(Natural Science)

ആ ചുവർചിത്രം
അന്ധമായ ചുവർചിത്രത്തിൽ കണ്ടു
ഞാൻ എന്നെ തന്നെ,
ആ ചിത്രത്തിൽ ഞാൻ കണ്ടു
എന്നെ തന്നെ...
ആ ചിത്രത്തിൽ ഞാൻ പാടുകയായിരുന്നു,
ചിരിക്കുകയായിരുന്നു, കരയുകയായിരുന്നു
ആ ചിത്രം.... അത് ഞാൻ  തന്നെ,
എന്റെ  ഉള്ളിലെ ഞാൻ....
പ്രത്യക്ഷ ജീവിതത്തിലെ മങ്ങിയ ചിത്രമല്ല,
മങ്ങിയ നിറമില്ല, മങ്ങിയചിരിയില്ല
ആ അന്ധമായ ചുവർചിത്രത്തിലെ നിറസ്ഫോടകമായി
ഞാൻ,
അതല്ലേ ഞാൻ....







Mridula Mohan
(English)

# MY ETERNAL LOVER....

I am waiting for your warmth hug,
That will soothe all my pain

I need that kiss, which will take me to an
Eternal world,,,
I want a love
Not mental, not physical
But,,,
But an emotional love,,,
A love bonded forever
A love threaded by god
Blessed by a divine touch
Nurtured by nature
With the essence of purity

I want to love you unconditionally
With all its purity and bliss
I want to love you more than myself
In your touch, in your smile, in your feel
I should forget myself

Where are you my eternal lover
Where are you,,,
I am waiting for you…

# ഓർമപ്പെടുത്തൽ



ജീന ജിതിൻ
(English)

കളിച്ചും  തിമിർത്തും തളിർത്ത ബാല്യങ്ങൾ
നിറമുള്ള ചിന്തകളായി  മാറിയോ
നാലുചുവരുകൾക്കുള്ളിൽ  കുരുങ്ങി
ഭൂമിതൻ ഗന്ധം മറന്നു പോയോ ....

മണ്ണിനെ വാരി പുണർന്ന ദിനങ്ങളും
തൊടിയിലെ കിളികൾ തൻ കുറുമൊഴി നാദവും
കൂട്ടു  കൂടി കളിച്ച ദിനങ്ങളും എല്ലാ
എല്ലാം നമുക്കിന്നൊരു ഓർമ മാത്രം

ഭൂതവും, ഭാവിയും , വർത്തമാനവുമിന്ന്
മനുഷ്യർ നെയ്ത  കരവലയത്തിലല്ല
ജാതിയും ,മതവും,ജീവിതം തന്നെയും
ഒന്നുമല്ലെന്ന് തെളിയിച്ച കാലം

ജീവിതം അങ്ങനെ കൊഴിഞ്ഞു തീരുന്നു ഇനി
നല്ലൊരു നാളയെന്നതുണ്ടാകുമോ
കനലെരിയും കദനത്തിൽ നീറിപുകയുന്നു
മായ്ച്ചാലും മായാത്തൊരീ ദിനങ്ങൾ ..

ഭൂമിയിൽ വെട്ടിപ്പിടിച്ചതൊക്കെയും
ഒന്നുമല്ലായിരുന്നെന്നറിയുന്നുവോ  നീ
ആറടിമണ്ണിൽ ആഴ്ന്നിറങ്ങുമെന്ന്
സ്വപ്നത്തിലെങ്കിലും നിനച്ചിരുന്നോ നീ




ഓടിക്കളിച്ച മൈതാനങ്ങൾ പോലും
കഴുകൻ  പറക്കും ശവപ്പറമ്പായി
കൊതിയോടെ മണ്ണിൽ കാത്തിരിക്കുന്ന
ഒരു കൂട്ടം പുഴുക്കളുണ്ടവിടെ

അഹങ്കാരത്തിൻ ചടുല നൃത്തമാടുമ്പോൾ
അപരന്റെ  ദുഖത്തീന്നകന്നു  നിൽക്കുമ്പോൾ
ഞാനെന്ന ഭാവം മനസ്സിൽ മുളയ്ക്കുമ്പോൾ
ഓർക്കുക മർത്ത്യാ ....ഇന്ന് ഞാൻ നാളെ നീ

എനിക്കായ് ,നിനക്കായ് കരുതിവെച്ച വിധി
കാലം മുൻകൂട്ടിയൊരിക്കലും മൊഴിഞ്ഞിട്ടില്ല
പിന്നെന്തിന് കെട്ടിപ്പടുക്കുന്നു മതിലുകൾ
നിന്റെയും എന്റേയും മനസ്സിനുള്ളിൽ

ഓർമപ്പെടുത്തലാണോ ദിനവും
മനുഷ്യനെ മനുഷ്യനാക്കാനുള്ള  ഓർമപ്പെടുത്തൽ
കരിനിഴൽ പോൽ കൂടെയുണ്ടെന്ന ഓർമപ്പെടുത്തൽ
എനിക്കും നിനക്കും തരുന്ന അവസാനത്തെ താക്കീത് .....

# ODE TO MY LOVE



രേവതി കെ പി
(English)

Love, is it a necessity?

I adore your beauty,
The endless night we spend together,
The mundane life become truthful

I was naked at your abode
May I write a poem
With your permission
I wrote…
Again
I wrote…
But the words were blood shedded
I tore it
I smashed it
I burned it
But it still seduced me

I lost myself
A passionate idiot,
Looking at the broken mirrors
Yelling at my muse,
I cherish your beauty,
Your filthy body
My poesy will rest in sublimity
Adieu to my poesy
Adieu to my love.



# ദുരവസ്ഥ



സിജി ടി കെ
(Physical Science)

പി. പി. ഇ. കിറ്റ് ധരിച്ചു അന്ത്യകർമങ്ങൾ ചെയ്തു കൊണ്ടിരിക്കുന്ന ശ്മശാനത്തിലെ ജീവനക്കാരിൽ ഒരാൾ ഉറ്റവരുടെ ചേതനയറ്റ ശരീരം ഒന്നു തൊടാൻ പോലും സാധിക്കാതെ ദൂരെ നിൽക്കുന്ന കുടുംബാംഗങ്ങളെ കണ്ട് അമർഷം കടിച്ചമർത്തി പറഞ്ഞു.
കൊറോണ ******* ആണ്, വെറും ******.
ലിംഗം, മതം, ജാതി, സാമ്പത്ത് എന്നിവയ്ക്കതീതമായി വിവേചനങ്ങൾ ഒന്നുമില്ലാതെ എല്ലാ മൃതദേഹങ്ങളും അടുത്ത് അടുത്ത് വച്ചു ചിത കൊളുത്തുന്നത് അലഞ്ഞു തിരിഞ്ഞ് നടക്കുന്ന ഒരാൾ കണ്ടു.
'വിപ്ലവം വന്നു, എല്ലാവരും തുല്യരായി. ' അയാൾ പിറുപിറുത്തു.



# നമ്മളിലെ നമ്മളിലേക്ക് ഒരു എത്തിനോട്ടം



നീതു കൃഷ്ണ പി വി
(Mathematics)

സ്വകാര്യതയായിരുന്നു....
ചുറ്റും....
എന്നിലും... നിന്നിലും... നമ്മളിലും
ഞാൻ എന്റേതും നീ നിന്റേതും
മാത്രമായിരുന്ന കാലയവനിക
നിന്റെ ചിരിയും എന്റെ വിങ്ങലും
നമ്മുടെ പ്രണയവും ഹൃദയത്തിൽ മാത്രം സൂക്ഷിച്ചി
രുന്ന നാം...
ഇന്ന്....
തസ്കരവീരനായൊരുവൻ വന്നു
എന്നിലെ എന്നെയും നിന്നിലെ നിന്നെയും
കവർന്നെടുക്കാൻ...
നമ്മെ പല കണ്ണുകൾക്കായി
വീതം വയ്ക്കുവാൻ
നമ്മെ അറിയാത്ത മറ്റൊരുവന്
നമ്മെ കാണിച്ചുകൊടുത്ത
ടോപ് വീരന് നമ്മളിട്ട പേര്..  'ടിക്ടോക് '
ഒരു ടികും രണ്ട് ടോക്കും
നമ്മുടെ ജീവിതം മാറ്റിമറിക്കുമ്പോൾ
അറിയുന്നുവോ നാം നമ്മുടെ വേരുകൾ
നമ്മെ നാം ആക്കിയ
പിന്നാമ്പുറക്കാഴ്ചകൾ
ഒരു ടിക്ടോക്കിലും
ഒരു ക്യാമറക്കണ്ണുകൾക്കും
ഒപ്പിയെടുക്കാൻ സാധിക്കാത്ത
നമ്മളിലെ നന്മയാർന്ന നമ്മളെ....







ജീന ജിതിൻ
(English)

# കാനാ

അനുരാജാ കാമരാജിന്റെ സംവിധാനത്തിൽ ശിവകാർത്തികേയൻ നിർമ്മിച്ച് 2018ൽ പുറത്തിറങ്ങിയ തമിഴ് ഭാഷാ ചലച്ചിത്രമാണ് കാനാ. സമൂഹത്തിന്റെ അടിച്ചമർത്തലുകളിൽനിന്നും സ്വപ്നസാക്ഷാത്കാരത്തിലേക്ക് സഞ്ചരിക്കുന്ന ഒരു പെൺകുട്ടിയുടെ ജീവിതം അതിമനോഹരമായി പ്രേക്ഷകർക്കുമുന്നിൽ ചിത്രീകരിക്കുകയാണ് സംവിധായകൻ. ഐശ്വര്യ രാജേഷ്, സത്യരാജ്, ശിവകാർത്തികേയൻ എന്നീ താരനിരയുടെ അഭിനയമികവ് ചിത്രത്തിലുടനീളം നിറഞ്ഞുനിൽക്കുന്നുണ്ട്.

ചെറുഗ്രാമത്തിൽ കൃഷിക്കാരന്റെ മകളായി ജനിച്ച പെൺകുട്ടിയുടെ ക്രിക്കറ്റിനോടുള്ള അതിതീവ്രമായ ആഗ്രഹങ്ങളുടെ പൂർത്തീകരണമാണ് ഈ ചലച്ചിത്രം. പെണ്ണായാൽ പറന്നുയയരരുതെന്ന കാഴ്ച്ചപ്പാടോടുകൂടി ചിറകുകൾ അറുത്തുകളയുന്ന കുടുംബത്തിന്റെയും സമൂഹത്തിന്റെയും ചിന്താഗതിയിലേക്ക് വെളിച്ചം പകരാൻ ഈ ചിത്രത്തിന് കഴിഞ്ഞിട്ടുണ്ട്.





'ക്രിക്കറ്റ് ആൺകുട്ടികളുടെ മാത്രം കളിയാണെന്ന്' പറഞ്ഞുകൊണ്ട് സ്വന്തം മകളെ വിലക്കുന്ന അമ്മ പിന്നീടൊരിക്കൽ മകളെ ഓർത്ത് അഭിമാനംകൊണ്ട് ആനന്ദാശ്രുക്കൾ പൊഴിക്കുന്ന രംഗം ഏതൊരു സിനിമാസ്വാദകനും മറക്കാൻ സാധിക്കില്ല. 'പെണ്ണാണ്' എന്നു പറഞ്ഞുകൊണ്ടുള്ള സമൂഹത്തിന്റെ അധിക്ഷേപിക്കൽ കൗസല്യ എന്ന കഥാപാത്രത്തിന്റെ സ്വപ്നങ്ങളിലേക്കുള്ള ചവിട്ടുപടിയായിരുന്നു. ഇന്ത്യൻ ക്രിക്കറ്റ് ടീമിലെത്തുക എന്ന ലക്ഷ്യത്തോടെ പരിശീലനത്തിനായി പോയിടത്ത് പോലും അവഗണനകളും, ഒറ്റപ്പെടുത്തലുകളും അനുഭവിച്ച കൗസല്യയുടെ സ്വപ്നങ്ങൾക്ക് ചിറകുകൾ നൽകാൻ ഒരു കോച്ച് കടന്നുവന്നതോടെ ഫീനിക്സ് പക്ഷിയെ പോലെ ഉയിർത്തെഴുന്നേറ്റ പെൺകുട്ടിയെ നമുക്ക് കാണാൻ സാധിക്കും.

എല്ലാം കച്ചവടവൽക്കരിക്കുന്ന ഇന്നിന്റെ സമൂഹത്തിൽ പണത്തിന്റെ തൂക്കം നോക്കി കഴിവുകൾ അളക്കാത്ത, കഴിവുകളെ നോക്കി കഴിവുകൾ അളക്കുന്ന ഒരു കോച്ചായി ശിവകാർത്തികേയന് പ്രേക്ഷകമനസ്സിൽ ഇടം നേടാൻ സാധിച്ചിട്ടുണ്ട്. ഈ ചിത്രത്തിൽ എടുത്ത് പറയേണ്ട മറ്റൊരു കഥാപാത്രം സത്യരാജ് എന്ന നടന്റെ അഭിനയമികവാണ്. കൗസല്യയുടെ അച്ഛനായി, ഒരു നെടുംതൂണായി പ്രചോദനം നൽകികൊണ്ട് ചിത്രത്തിലുടനീളം നിറഞ്ഞുനിൽക്കുന്ന കഥാപാത്രം. കൂടാതെ മറ്റൊരു വിഷയത്തിനുകൂടി ഈ ചലച്ചിത്രം പ്രാധാന്യം നൽകുന്നുണ്ട്. ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ നെട്ടോട്ടമോടുന്ന കർഷകന്റെ പട്ടിണിയും, ദാരിദ്ര്യവും, കടബാധ്യതകളും നിറഞ്ഞ വളരെ പരിതാപകരമായ അവസ്ഥ പ്രേക്ഷകർക്കുമുമ്പിൽ എത്തിക്കുന്നു. ആൺപെൺ വ്യത്യാസം ഇല്ലാതെ കഴിവുകളെ കീഴടക്കാൻ കഴിയുന്ന വ്യക്തിത്വങ്ങളായി വളർന്നുവരിക എന്ന സന്ദേശമാണ് ഈ ചലച്ചിത്രം നൽകുന്നത്. അതുകൊണ്ടുതന്നെ കൗസല്യ എന്ന കഥാപാത്രത്തോട് സത്യസന്ധമായി നീതിപുലർത്താൻ ഐശ്വര്യ രാജേഷിന് കഴിഞ്ഞിട്ടുണ്ട്.

സ്വന്തം കഴിവുകൾ അടിച്ചമർത്തി സമൂഹത്തിന്റെ ചങ്ങലകളാൽ ബന്ധിക്കപ്പെടുന്ന ഓരോ പെൺകുട്ടിക്കും സ്വന്തം ലക്ഷ്യത്തിലേക്കും, കഴിവുകളിലേക്കും തിരിഞ്ഞുനോക്കാനും, അവയെ വളർത്തിയെടുക്കാനും, സാക്ഷാത്കരിക്കുവാനുമുള്ള പ്രചോദനമാണ് ഈ ചലച്ചിത്രം പ്രേക്ഷകർക്കായി നൽകുന്നത്. അതുകൊണ്ടുതന്നെയാണ് 2018ൽ പുറത്തിറങ്ങിയ ഈ ചിത്രം പ്രേക്ഷകർ ഇരുകൈകളും നീട്ടി സ്വീകരിച്ചത്.





ജിജിഷ ഇ
(English)

# ജീവിതത്തിലെ ആദ്യത്തെ ക്വാറൻറൈൻ

ഏതൊരു ബി.എഡ് വിദ്യാർഥിനിയുടെയും ജീവിതത്തിലെ മനോഹരമായ ദിവസങ്ങൾ ആയിരിക്കും അവരുടെ ടൂർ , അതുപോലെ തന്നെ ആയിരുന്നു എനിക്കും. പതിനാല് ദിവസം ജീവിതത്തിലെ എല്ലാ തിരക്കുകളും മാറ്റിവെച്ച ഞാനും ആ ദിവസങ്ങൾ ആസ്വദിച്ചു.

അങ്ങനെ നമ്മുടെ ടൂർ അവസാനിപ്പിച് ഫെബ്രുവരി 4 ന് നമ്മൾ നമ്മളുടെ വീട്ടിൽ എത്തി. വീട്ടിൽ എത്തി ഒരു കുളിയുംകഴിഞ്ഞു ഭക്ഷണവും കഴിച് കുറച് സമയം ഒന്ന് ഉറങ്ങി. ഉച്ചയായപ്പോൾ എഴുന്നേറ്റു. അപ്പോഴാണ് ഒരു കാര്യം ഓർമ വന്നത്. സന്തോഷ് സാർ പറഞ്ഞിരുന്നു, വീട്ടിൽ എത്തിയതിനു ശേഷം എല്ലാവരും അവരവരുടെ വീടിനടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അറിയിക്കണം എന്ന്. എന്തിനാണെന്നു വച്ചാൽ കൊറോണ എന്നൊരു വൈറസ് രാജ്യത്ത് വ്യാപിച്ചു കൊണ്ടിരിക്കുകയായിരുന്നു. എന്നാൽ വന്നത് വരെ കേരളത്തിൽ റിപ്പോർട്ട് ചെയ്തിട്ടില്ലായിരുന്നു. കൊറോണ എന്ന വാക്ക് ആദ്യം കേട്ടത് നമ്മുടെ ടൂറിനിടയിലായിരുന്നു. നമ്മൾ പോയ നേപ്പാളിനടുത്ത് ഒരു കേസ് റിപ്പോർട്ട് ചെയ്തിരുന്നു. ഇതറിഞ്ഞ രക്ഷിതാക്കൾ കുട്ടികളെയും അധ്യാപകരെയും വിളിച്ച് അറിയിച്ചു. ചില രക്ഷിതാക്കൾ ടൂർ അവസാനിപ്പിച്ച് തിരിച്ചു വരാൻ പറഞ്ഞു. നമ്മുടെ കൂടെയുള്ള ചില കുട്ടികളും ആ ഒരു തീരുമാനത്തെ പ്രോത്സാഹിപ്പിച്ചു.

കൂട്ടികൾക്കും രക്ഷിതാക്കൾക്കും ഇടയിൽ ഇങ്ങനെ ഒരു പ്രശ്നം ഉണ്ടെന്ന് മനസ്സിലാക്കിയ അധ്യാപകരും കുറച്ചു വിദ്യാർത്ഥികളും നമ്മുടെ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ടു. ആ സമയം അവിടെ നിന്ന് കിട്ടിയ ഒരു മറുപടി നിങ്ങൾ ടൂർ അവസാനിപ്പിക്കേണ്ട ആവശ്യം ഒന്നുമില്ല, എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിച് പോയിക്കൊള്ളൂ എന്നായിരുന്നു. നിങ്ങൾ തിരിച്ചു വന്നശേഷം ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ടാൽ മതി എന്നായിരുന്നു.

അങ്ങനെ ഉച്ചയ്ക്ക് ഞാൻ ഗവൺമെൻറ് ആശുപത്രിയിലേക്ക് പോയി, അവിടെ അപ്പോൾ രാവിലത്തെ ഒ.പി കഴിഞ്ഞിരുന്നു. ഉച്ചയ്ക്ക് ശേഷമുള്ള ഒ.പി ടിക്കറ്റ് എടുത്ത് ഞാൻ അവിടെ ഇരുന്നു. അപ്പോഴാണ് നമ്മുടെ വീടിനടുത്തുള്ള ആശാ വർക്കർ എന്നെ കണ്ടത്. അവർ എന്റെ അടുത്ത വന്ന് കാര്യം തിരക്കി, ഞാൻ ടൂർ പോയ കാര്യം ഒക്കെ പറഞ്ഞു. എവിടെ ഒക്കെയാണ് പോയത് എന്ന് ചോദിച്ചു. ഞാൻ ആദ്യം ഡൽഹി പറഞ്ഞു. അത് കേട്ടപ്പോൾ ഒന്നും പറഞ്ഞില്ല, പിന്നെ നേപ്പാൾ എന്ന് പറഞ്ഞപ്പോൾ ആ ചേച്ചിയുടെ ഭാവം മാറി. അവർ എന്നെയും കൂട്ടി അത്യാഹിത വിഭാഗത്തിലേക്ക് പോയി. രണ്ട് മാസ്ക് ഇടാൻ തന്നു. അവിടെ ഉണ്ടായിരുന്ന നേഴ്സ് മാരെല്ലാം കുറച് അകലം പാലിച്ച് നിൽക്കാൻ തുടങ്ങി. പിന്നെ എന്നെയും കൂട്ടി ഡോക്ടറിന്റെ റൂമിൽ പോയി. ആ ചേച്ചി തന്നെ എല്ലാം ഡോക്ടറോട് പറഞ്ഞു. കേൾക്കേണ്ട താമസം ആ ഡോക്ടർ എന്നോട് പരിയാരം മെഡിക്കൽ കോളേജിലേക്ക് പോകാൻ പറഞ്ഞു. ഒരു കത്ത് തന്നു. പരിയാരത്തേക്ക് സ്വന്തം വണ്ടിയിൽ പോയാൽ മതി, പൊതു ഗതാഗതം ഉപയോഗിക്കരുത് എന്ന് പറഞ്ഞു. ഞാൻ മെല്ലെ പുറത്തിറങ്ങി. എന്ത് ചെയ്യണം എന്നറിയാതെ കുറച് സമയം പുറത്തു നിന്നു. എല്ലാവരും എന്നെ നോക്കുന്നു, അടുത്തുകൂടെ വരെ പോകുന്നില്ല. കാരണം ഞാൻ മാസ്കോക്കെ വെച്ചാണല്ലോ നിൽക്കുന്നത്.




ഞാൻ എന്റെ വീട്ടിൽ വിളിച്ചു കാര്യം പറഞ്ഞു. 'അമ്മ പറഞ്ഞു 'നീ എന്നാൽ പോയിട്ട് വരൂ' എന്ന്. ഒന്നും ഉണ്ടാകില്ല, പേടിക്കണ്ട എന്നൊക്കെ പറഞ്ഞു.'അമ്മ കൂടെ വരണമോ എന്ന് ചോദിച്ചു, ഞാൻ വേണ്ടാ എന്ന് പറഞ്ഞു. എന്റെ കുട്ടി അമ്മയുടെ കൂടെ ആണുള്ളത്. അങ്ങനെ ആശുപത്രിയിൽ നിൽക്കുമ്പോഴാണ്, എന്റെ കൂട്ടുകാരൻ ആൽഡൻ അവിടെ വന്നത്. . അവനോട് ഞാൻ കാര്യങ്ങളൊക്കെ പറഞ്ഞു. അവൻ ഡോക്ടറെ കണ്ടപ്പോഴും പരിയാരത്തേക്ക് പോകാൻ ആണ് പറഞ്ഞത്. അങ്ങനെ നമ്മൾ അവിടേക്ക് പോയി. അവിടെ എത്തി ഡോക്ടർ തന്ന കടലാസ് അത്യാഹിത വിഭാഗത്തിൽ കൊടുത്തു. അവിടെ നിന്ന് അവർ നമ്മളെ ഒരു മുറിയിലേക്ക് കൊണ്ടുപോയി . അവിടെ ആരും ഇല്ലായിരുന്നു. നമ്മളോട് അവിടെ ഇരിക്കാൻ പറഞ്ഞു. നമ്മൾ രണ്ടു പേരും അവിടെ ഇരുന്നു. ഒരു സെൽഫി ഒക്കെ എടുത്ത് കോളേജ് ഗ്രൂപ്പിൽ ഇട്ടു. അത് വരെ നമ്മൾ സന്തോഷത്തോടെ അവിടെ ഇരുന്നു.

പെട്ടെന്നു ആ വാതിൽ തുറന്നു ഒരാൾ വന്നു.ചന്ദ്രനിലേക്ക് പോകാൻ പോകുമ്പോൾ ഇടുന്ന ഒരു വേഷവും ഇട്ട് ഒരാൾ.അയാളെ കണ്ടപ്പോൾ തൊട്ട് ഉള്ളിൽ ഒരു പേടി തോന്നി.അയാൾ ഞങ്ങളെയും കൊണ്ട് പുറ ത്തേക്ക്പോയി. കാണുന്നവരൊക്കെ ദൂരെദൂരെ മാറി നിൽക്കാൻ തുടങ്ങി.നമ്മളെ പ്രത്യേകം ഒരു ലിഫ്റ്റിൽ ഏറ്റവും മുകളിലുള്ള നിലയിലേക്ക് കൊണ്ടുപോയി. അവിടെ ആരും ഇല്ല. ഒരാൾ മാത്രം പുറത്തു വിഷമി ച്ചു നില്കുന്നത് കണ്ടു .നമ്മളെ രണ്ട്പേരെയും ഓരോരോ മുറിയിലാക്കി വാതിലടച്ചു.പിന്നെ പേടി ഇരട്ടിയായി.ആരും വരുന്നുമില്ല നോക്കുന്നുമില്ല. പെട്ടെന്ന്ഒരാൾ വന്നു വാതിൽ തുറന്നു.ഞാൻ വാതിലിൻറെ അടുത്തേക്കു നടന്നപ്പോൾ അദ്ദേഹം അടുത്ത രണ്ടു കിടക്കയിൽ ഇരുന്നോ എന്ന്പറഞ്ഞു.അയാൾ എൻന്റെ മൊബൈൽ നമ്പർ വാങ്ങി തിരിച്ച്പോയി.കുറച്ച്കഴിഞ്ഞപ്പോൾ ഒരു ഫോൺകോൾ വന്നു. ഞാൻ കോൾ എടുത്തു അത് തൊട്ടടുത്ത റൂമിൽ ഇരുന്ന് ഒരു ഡോക്ടർ ആയിരുന്നു.പോയസ്ഥലങ്ങളുടെ വിവരമെടുക്കാൻ എല്ലാം പറഞ്ഞു കൊടുത്തു .സമയം ഒരു 5 മണി ഒക്കെ കഴിഞ്ഞു കാണും.ആരും തിരിഞ്ഞുപോലും നോക്കുന്നില്ല. പേടി ഇരട്ടിയായി. ഞാൻ ഫോൺ എടുത്തു സന്തോഷ് സാറിനെ വിളിച്ചു കാര്യങ്ങൾ പറഞ്ഞു.സാർപേടിക്കേണ്ട എല്ലാം ശരിയാക്കാം എന്ന് പറഞ്ഞു .തീരെ സമാധാനം ഇല്ലാതായി.കുറച്ചു കഴിഞ്ഞപ്പോൾ ശ്വേത എന്റെ ഫോണിൽ വിളിച്ചു കാര്യങ്ങൾ തിരക്കി.അവളുടെ ഒരു സുഹൃത്ത് ഡോക്ടർ ആണെന്നും ഞാൻ വിളിചു പറയാം ടെൻഷനാവണ്ട എന്നൊക്കെ പറഞ്ഞു ആശ്വസിപ്പിച്ചു. ആരൊക്കെയോ ഫോൺ വിളിച്ചും, മെസ്സേജ്അയച്ചും സമാധാനപ്പെടുത്തി. വീണ്ടും സന്തോഷ് മാഷും ലിഷ ടീച്ചറും വിളിച്ചു .സമയം കടന്നു പോയി കൊണ്ടേ ഇരുന്നു .ആരും തിരിഞ്ഞു നോക്കിയില്ല . രാവിലെ ഭക്ഷണം കഴിച്ചതാണ്, ടൂറിൻറെ ക്ഷീണവും ഒരുതുള്ളി വെള്ളം പോലും കിട്ടിയില്ല.

വീട്ടിൽ എല്ലാവരും നന്നായി പേടിച്ചു.എൻറെ ഭർത്താവും നന്നായി പേടിച്ചു.അദ്ദേഹം വിദേശത്തായിരുന്നു

ആശുപത്രിയിൽ പോകുന്ന കാര്യം വിളിച്ച്പറഞ്ഞി രുന്നു.ഇതൊക്കെ അറിഞ്ഞപ്പോൾ അദ്ദേഹത്തിനും ടെൻഷനായി.

ഞാൻ പിന്നെ നമ്മുടെ സുഹൃത്ത് ദിഷ്ണയെ വി ളിച്ചു കാര്യം പറഞ്ഞു .കുറച്ചു കഴിഞ്ഞപ്പോൾ ഒരാൾ വന്നു വാതിൽ പകുതി തുറന്നു കൈ മാത്രം അകത്തേക്കിട്ടു ഒരു കുപ്പിവെള്ളം മുറിയിൽ വച്ചുതന്നു.സമയം ഏഴുമണി കഴിഞ്ഞു.എന്റെ ഫോ ണിന്റെ ബാറ്ററി തകരാറായിരുന്നു.പെട്ടന്ന് അത് ഓഫായി .ഒന്ന് ചാർജ് ചെയ്യാൻ ഒരു വഴിയും ഇല്ലാ തായി .എനിക്ക് സങ്കടവും ദേഷ്യവും വന്നു.ഞാൻ രണ്ടും കല്പിച്ചാവാതിൽ തുറന്നു .ആരും പുറത്തില്ല. ഞാൻ വാതിലിൽ മൂന്നു തവണ മുട്ടി ശബ്ദമുണ്ടാക്കി. അപ്പോൾ ഒരാൾ പുറത്തുന്ന് കാര്യം തിരക്കി.ഞാൻ ഒരു ചാർജർ വേണമെന്ന് ദേഷ്യത്തോടെ പറഞ്ഞു .ആ സമയം എൻെറ കണ്ണിൽ നിന്നും കണ്ണുനീർ വരു ന്നുണ്ടായിരുന്നു.



ചോദിച്ചു, 'എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടോ? പനിയുണ്ടോ? ജലദോഷമുണ്ടോ?' എന്നൊക്കെ. സത്യത്തിൽ എനിക്ക് ഒരു പ്രശ്നവും ഉണ്ടായി രുന്നില്ല. ഞാൻ ആ ഡോക്ടറോട് പറഞ്ഞു, 'ടൂ ർ കഴിഞ്ഞ എത്തിയപ്പോൾ മാഷ് പറഞ്ഞിരുന്നു, നിങ്ങൾ ആരോഗ്യ കേന്ദ്രത്തിൽ ഒന്നറിയിക്കണമെന്ന് . അതുകൊണ്ട് മാത്രമാണ് ഞാൻ വന്നത്.' അത് കേട്ടപ്പോൾ അവർ ടെസ്റ്റ് ചെയ്യാതെ പോയി. കുറ ച്ച് കഴിഞ്ഞപ്പോൾ ഒരാൾ വന്ന് റൂമിന്റെ പുറത്തിറങ്ങി നിൽക്കാൻ പറഞ്ഞു.ആ സമയം നമ്മൾ അഞ്ചുപേ ർ ഉണ്ടായിരുന്നു. ഞാനും, ആൽഡനും, കീർത്ത നയും പിന്നെ വേറെ രണ്ടു ചേട്ടന്മാരും. കുറച്ച് ഡോക്ടർമാർ വന്ന് കുറച്ച് നിർദേശങ്ങൾ നൽകി,'നി ങ്ങൾ എല്ലാവരും പതിനാല് ദിവസം വീട്ടിൽ ക്വാ റന്റൈനിൽ നിൽക്കണം. ആരുമായും അടുത്ത് ഇടപഴക്കരുത്' എന്നൊക്കെ. അവരുടെ ഓരോ നിർ ദേശങ്ങൾ കേൾക്കുമ്പോഴും ഉള്ളിലുള്ള പേടി കൂ ടികൂടി വന്നു. ശരീരമാകെ തളരുന്നതു പോലെ തേ ാന്നി. രാവിലെ ഭക്ഷണം കഴിച്ചിറങ്ങിയതായിരുന്നു. എങ്ങനെയൊക്കെയോ പിടിച്ചുനിന്നു. പെട്ടന്ന്, നമു ക്ക് ആകെ ആശ്വാസമായി ഉണ്ടായിരുന്ന ആൽഡൻ തലകറങ്ങി നമ്മുടെ മുന്നിൽ വീണു. ഒന്ന് പിടിക്കാൻ പോലും ആരും തയ്യാറായില്ല. നമ്മൾ പിടിക്കാൻ പേ ാകുമ്പോൾ നമ്മളെയും സമ്മതിച്ചില്ല. ആകെ എന്തോ ക്കെയോ അവസ്ഥയായി. കുറച്ചു കഴിഞ്ഞപ്പോൾ അവൻ മെല്ലെ എഴുന്നേറ്റു. അവനെ സങ്കടത്തോടെ നോക്കാൻ മാത്രമേ ഞങ്ങൾക്കു പറ്റിയുള്ളൂ. ഡോക്ടർ പറഞ്ഞു, 'ആൽഡൻ അവിടെ നിരീക്ഷണത്തിൽ നിൽക്കട്ടെ. ബാക്കി എല്ലാവരും വീട്ടിലേക്ക് പെ ായ്ക്കോളൂ' എന്നു പറഞ്ഞു. എല്ലാം കഴിഞ്ഞ ആശുപ ത്രിക്ക് പുറത്തിറങ്ങുമ്പോൾ സമയം എട്ടര കഴിഞ്ഞു. കൂടെ ആരും ഇല്ല. ഞാൻ ബസ്സിൽ കേറിയിരുന്നു. അപ്പോഴാണ് സന്തോഷമാഷും ലിഷടീച്ചറും വിളിച്ച ത്. ഞാൻ ഇറങ്ങി ബസ്സിലാണെന്ന് പറഞ്ഞു. അവർ രണ്ടുപേരും വീട്ടിലെത്തി വിളിക്കു എന്ന പറഞ്ഞു. പ ിന്നെ ദീഷ്ണ വിളിച്ചപ്പോഴാണ് അരിഞ്ഞത് നമ്മളെ ഏഴു ദിവസം ക്വാറന്റൈനിൽ അവിടെ നിർത്താനാ യിരുന്നു തീരുമാനിച്ചത്. പിന്നെ എല്ലാവരും ഇടപെട്ട് അടിയന്തര മെഡിക്കൽ ബോർഡ് കൂടിയാണ് നമ്മളെ വിട്ടയച്ചത് എന്ന് .

അങ്ങനെ വീട്ടിൽ എത്തി എല്ലാവരെയും ഒരുപ ാട് ടെൻഷനടിപ്പിച്ചു. കുളിയൊക്കെ കഴിഞ്ഞു സമാ ധാനത്തിൽ കിടന്നുറങ്ങി. രാവിലെ എഴുന്നേറ്റപ്പോഴാ ണ് അടുത്തപണി കിട്ടിയത്. പത്രത്തിൽ റിപ്പോർട്ട് വന്നു. അങ്ങനെ നാട്ടുകാരെല്ലാം അറിഞ്ഞു. അവിടെ ഭർത്താവിന്റെ വീട്ടിൽ നിൽക്കാൻപറ്റാതായി. ഞാൻ പിന്നെ എന്റെ വീട്ടിലേക്ക് വന്നു. പതിനാലുദിവസം ക്വാറന്റെൻ കഴിഞ്ഞു തിരിച്ചുപോയി. ഇതായിരു ന്നു എന്റെ ജീവിതത്തിലെ ആദ്യത്തെ ക്വാറന്റെൻ. ഒരിക്കലും മറക്കാൻ പറ്റാത്ത മണിക്കൂറുകളായിരു ന്നു, പെട്ടന്ന് എഴുതിത്തീർക്കാൻ കഴിഞ്ഞു. പക്ഷെ ആ സമയം ഒരിക്കലും മറക്കാൻ പറ്റാത്തതായിരുന്നു.

ശ്രുതി ടി വി
(Physical Science)



# വെറുതെയല്ലീ നാലക്ഷരം

കാലം മാറി, ചിന്തകൾ മാറി
ന്യൂജെൻ തരംഗവും മാറി മാറി
ഇന്നിതാ വന്നു ടിക് ടോക് മയം
പിച്ചവെച്ച കുഞ്ഞും,
അന്ത്യശ്വാസമെടുക്കുന്ന വല്യപ്പനും
ഒന്നുപോലെ നിറഞ്ഞു നിന്നു
ഒന്നു പൊങ്ങിവന്ന ഫെയ്സ് ആപ്പിനെപ്പോലും
കവച്ചുവെച്ച്, മുന്നേറിയല്ലോ ടിക്ടോക്
നിലവിൽ വന്ന നിയമത്തെയോ പിന്തിരിപ്പിച്ചോടിച്ചല്ലോ
ടിക്ടോക്
നാലക്ഷരം, ടി ക് ടോ ക്, വെറും നാലക്ഷരം
വെറുതെയല്ലീ നാലക്ഷരം,
ചിന്തിപ്പിച്ചു, ചിരിപ്പിച്ചു, കരയിച്ചു
നിസ്സാരം, വെറും നിസ്സാരമല്ലീ നാലക്ഷരം



ലിഷ ടി
(Asst. Prof. in Education)

# മാറേണ്ടത് മനോഭാവം

**നി**രന്തരം കേട്ടുകൊണ്ടിരിക്കുന്ന ഒരു സാധാരണ പത്രവാർത്തയായി സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ മാറിയിരിക്കുന്നു. കേട്ട് കേട്ട് അത്ഭുതമല്ലാതായ വാർത്ത .കാലാകാലമായി പിന്തുടർന്നു വരുന്ന സമ്പ്രദായയമായി അത് അനസ്യൂതം തുടർന്നു കൊണ്ടേയിരിക്കുന്നു .മതമില്ലാത്ത ലോകത്ത് മനുഷ്യനെന്ന മതവും സ്ത്രീയും പുരുഷനുമെന്ന ജാതിയുമെന്ന് നാം ഊറ്റം കൊള്ളുന്ന നവോത്ഥാന കാലഘട്ടത്തിലും പുരുഷ ജാതി സ്ത്രീ ജാതിയെ നിരന്തരം മുറിവേൽപ്പിച്ചു കൊണ്ടേയിരിക്കുന്നു .സമത്വവും സ്വാതന്ത്ര്യവും ഭരണഘടന അവകാശമായി കിട്ടിയ രാജ്യത്ത് ഇഷ്ടപ്പെട്ട സ്ഥലത്ത് യാത്ര ചെയ്യാനും
ഇഷ്ടപ്പെട്ട തൊഴിലെടുക്കാനുമുള്ള സ്വാതന്ത്ര്യം പോലും ഇല്ലാതായിരിക്കുന്നു .അനാചാരങ്ങളില്ലാതായി എന്ന് പറയുമ്പോഴും ,ആചാരങ്ങളെ മുറുക്കെ പിടിച്ച് കൽപിത അജണ്ടകൾ നടപ്പാക്കുന്ന സമൂഹം. സ്ത്രീ ശാക്തീകരണം എന്ന പേരിൽ മുന്നേറ്റങ്ങൾ നടക്കുന്നുണ്ടെന്നത് ആശാവഹം തന്നെ .എന്നാൽ സൂഹത്തിലുണ്ടാകുന്ന മാറ്റത്തേക്കാൾ നമ്മുടെ മനോഭാവത്തിലാണ് മാറ്റമുണ്ടാകേണ്ടത്. ഒരു പെൺകുട്ടി ജനിച്ചു വീഴുമ്പോൾ തന്നെ അത് ബാധ്യതയായി കാണുന്ന നമ്മുടെ മനോഭാവമാണ് ആദ്യം മാറ്റേണ്ടത്. ഒരു ആൺകുട്ടിയെ എങ്ങിനെയാണോ വളർത്തി കാര്യപ്രാപ്തിയിലെത്തിക്കുന്നത് അത്ര പോലെ തന്നെ പെൺകുട്ടിയെയും വളർത്തിക്കൊണ്ടു വരണം.കൽപതമായ കുറേ നിയമങ്ങളുടെ ചട്ടകൂടിൽ തളച്ചിടേണ്ടതല്ല ഓരോ പെണ്ണിന്റെ യും പ്രതീക്ഷകളും സ്വപ്നങ്ങളും.. മുൻ വിധികളോടെയല്ല അവരെ വളർത്തി എടുക്കേണ്ടത് .സ്വയം പ്രതിരോധത്തിനുള്ള മാർഗ്ഗങ്ങൾ അവരെ പഠിപ്പിച്ചും ,തനിക്കു നേരെ ഉണ്ടാക്കുന്ന അനീതിയെ എതിർക്കാൻ അവരെ പഠിപ്പിക്കണം. നീ ഒരു പെണ്ണാണ് എന്ന് നിരന്തരം ആവർത്തിച്ച് അവളെ തളർത്തതെ അവളിൽ ആത്മവിശ്വാസം വളർത്തിയെടുക്കുകയാണ് വേണ്ടത് .ഭയത്തെ അതിജീവിക്കാൻ ചെ റുപ്പം മുതലേ അവളെ പ്രാപ്തയാക്കണം. ഇഷ്ടപെട്ട കരിയർ തെരഞ്ഞെടുക്കാനും ,തനിക്കു കൂടി താൽപര്യമുള്ള ആളുടെ കൂടി ജീവിക്കാനും അവളെ അനുവദിക്കുക. പെൺകുട്ടികളും മാറാനുണ്ട്. അന്തരിച്ച നമ്മുടെ രാഷ്ട്രപിതാവ് ഡോ: എ.പി.ജെ അബ്ദുൾ കലാം പറഞ്ഞതുപോലെ സ്വപ്നം കാണാൻ പഠിക്കുക. ആ

ആ ' സ്വപ്നത്തിലേക്ക് എത്താൻ കഠിനമായി പരിശ്രമിക്കുക്കുകയും ചെയ്യുക. വിജയത്തിലേക്കുള്ള പടവുകൾ കല്ലും മുള്ളും നിറഞ്ഞതാകാം.കട്ടിയുള്ള തോടുള്ള ഫലത്തിന് മാധുര്യം കടുതലായിരിക്കും. സ്വന്തം ജീവിതത്തിന്റെ സ്റ്റിയറിംഗ് മറ്റുള്ളവരെ ഏൽപിക്കതിരിക്കുക .സ്വയം നിയന്ത്രിക്കാൻ സാധിക്കുന്ന എഞ്ചിനാണെങ്കിൽ മാത്രമേ സ്വന്തം ഇഷ്ടത്തിന് വളക്കാനും തിരിക്കാനും സാധിക്കുകയുള്ളൂ. കല്യാണം ഒരിക്കലും ജീവിതത്തിന്റെ അവസാന വാക്കല്ല. കടന്നു പോകുന്ന വഴിയിലെ ഒരു സാധാരണ സംഭവം മാത്രം. സ്വന്തമായി ഒരു ജോലി സമ്പാദിച്ച് സ്വന്തം കാലിൽ നിൽക്കുമ്പോൾ മാത്രമേ സമൂഹത്തിൽ നിന്നും, സ്വന്തം കുടുംബത്തിൽ നിന്നും അംഗീകാരം ലഭിക്കുകയുള്ളൂ. ഓരോ പെൺകുട്ടിയും ഈ നാടിന്റെ സമ്പത്താണെന്ന് മനസ്സിലാക്കി കൊണ്ട് അവരെ അംഗീകരിക്കാൻ പഠിക്കുക. ഒരുതരത്തിലുള്ള വിവേചനവും കാണിക്കാതെ അവരും ഈ ഭൂമിയിൽ എല്ലാ അവകാശത്തോടും കൂടി പിറന്നുവീണവരാണെന്നു മനസ്സിലാക്കുക. കേവലം ഒരു ഉപകരണമെന്ന മനോഭാവം മനസ്സിൽ നിന്ന് പാടേ തുടച്ചു നീക്കുക. സ്വന്തം അമ്മയെ ബഹുമാനിക്കുന്ന പോലെ ബഹുമാനിക്കപ്പെടേണ്ടവർ തന്നെയാണ് 'സമൂഹത്തിൽ ജീവിക്കുന്ന ഓരോ സ്ത്രീയുമെന്ന തിരിച്ചറിവ് ഉണ്ടാക്കുക എന്നതാണ് പ്രധാനം.അവരുടെ വ്യക്തിത്വം അംഗീകരിക്കുക. സ്വന്തം ഇഷ്ടത്തിന്ന് അവർ സ്വപ്നങ്ങൾ നെയ്യട്ടെ. പ്രതീക്ഷകളെ അവർ സഫലമാക്കട്ടെ. ചിറകുകൾ അരിയാതിരിക്കുക. തീർച്ചയായും സ്ത്രീ ശാക്തീകരണം അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കുകയാണെങ്കിൽ എല്ലാ തരത്തിലും ആ രാജ്യം ഉയർന്നു തന്നെ നിൽക്കും. നാളത്തെ തലമുറ അവളിൽ ഭദ്രമായിരിക്കും. ഇനിയും നാം മാറി ചിന്തിച്ചില്ലെങ്കിൽ പിന്നെ എപ്പഴാണ്?



# പതറില്ല മുന്നോട്ട് തന്നെ



ബാലകൃഷ്ണൻ പി
(Asst. Prof. in Mathematics)

ഗുരുകുല വിദ്യാഭ്യാസത്തിൽ തുടങ്ങി ഓൺലൈൻ വിദ്യാഭ്യാസത്തിൽ എത്തിനിൽക്കുകയാണ് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം. ഇന്ത്യയുടെ വിദ്യാഭ്യാസ സമ്പ്രദായം അനന്യവും അനുകരണീയവുമാണ്. പ്രാചീനകാലം തൊട്ടു തന്നെ വിദേശരാജ്യങ്ങളിൽ നിന്നും ആളുകൾ ഉപരിപഠനാർത്ഥം ഭാരതത്തിൽ എത്തിയിരുന്നു. നമുക്കറിയാം ഇപ്പോൾ ഗോളാന്തരീയമായ ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ കാലമാണ്.

ഇന്ന് ഭാരതത്തിൽ മാത്രമല്ല ലോകമെമ്പാടും സമ്പദ്ഘടന തന്നെ അവതാളത്തിൽ ആയിരിക്കുന്നു. 1918 ൽ പൊട്ടിപ്പുറപ്പെട്ട ഫ്ളൂവിന്റെ ഫലമായി അനേകായിരം പേർക്ക് ജീവനും നഷ്ടപ്പെട്ടു. കോ വിഡ് 19 ഫലമായി ഇപ്പോൾ ലോകം മുഴുവൻ നഷ്ടത്തിനും കഷ്ടത്തിന്റെയും പാതയിലാണ്. ജീവിതത്തിന്റെ നാനാതുറയിലുള്ള എല്ലാ കാര്യങ്ങളും തന്നെ അവതാളത്തിലായി. ലക്ഷക്കണക്കിന് ആളുകളുടെ ജീവൻ നഷ്ടപ്പെട്ടു എന്നുള്ളത് വേദനാജനകമായ കാര്യമാണ്. അതിൽ പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ പണ്ഡിതനെന്നോ പാമരനെന്നോ ഒന്നുംതന്നെ കൊറോണക്ക് വ്യത്യാസമില്ല. കൊറോണ വൈറസിന്റെ അക്രമം നേരിടാതെ ഒരു രാജ്യവും ഇന്ന് ലോകത്തിലില്ല. ഇതിൽ നിന്നെല്ലാം നമുക്ക് മോചനം നേടേണ്ടതുണ്ട്. അതിൽ നാം സ്വയം നിരീക്ഷിക്കുകയും പ്രവർത്തിക്കുകയും വേണം. നമുക്കു മാത്രമേ നമ്മളെ കൂടുതൽ സംരക്ഷിക്കാൻ കഴിയുകയുള്ളൂ.കേന്ദ്രസർക്കാരും, സംസ്ഥാന സർക്കാരും, ആരോഗ്യവകുപ്പും, തദ്ദേശസ്വയംഭരണ വകുപ്പും, പോലീസ് വകുപ്പും, മറ്റ് സന്നദ്ധ പ്രവർത്തകരും, രാഷ്ട്രീയ പ്രവർത്തകരും എന്നുവേണ്ട എല്ലാ സാധാരണ മനുഷ്യന്മാരടക്കം കോവിഡ് 19 എന്ന ഈ



വിപത്തിനെ തുടർന്ന് ആവർത്തിക്കാതിരിക്കാനും തുടച്ചു നീക്കാനും അഹോരാത്രം പ്രവർത്തിക്കുന്നത് നമുക്കെല്ലാം അറിയുന്ന കാര്യമാണ്. ഒരു ദിവസം നാം എല്ലാവരും ഇതിൽ നിന്ന് പൂർണമായി മോചിതരാകും ഒരിക്കലും നിരാശരാക്കുകയും ആശങ്കയുള്ളവരായി മാറുകയോ ചെയ്യരുത്. സന്തോഷത്തിന്റെ നാൾ വളരെ വിദൂരം അല്ലാതെ തന്നെ എത്തിച്ചേരും. ഈ മഹാവിപത്തിൽ ജീവൻ നഷ്ടപ്പെട്ടവരെയുംഅവരുടെ കുടുംബത്തെയും ഓർക്കുമ്പോൾ വളരെയധികം വിഷമം തോന്നുകയാണ്. മാതാപിതാക്കൾ നഷ്ടപ്പെട്ട കുഞ്ഞുങ്ങൾ മക്കളെ നഷ്ടപ്പെട്ട അച്ഛനമ്മമാർ ഭർത്താവിനെ നഷ്ടപ്പെട്ട യുവതികൾ ഭാര്യയെ നഷ്ടപ്പെട്ട യുവാക്കന്മാർ അതുപോലെ മറ്റു വേണ്ടപ്പെട്ടവർ നഷ്ടപ്പെട്ട എത്രയോപേർ. അങ്ങനെ പോകുന്നു ഈ മഹാമാരിയുടെ പരിണിത ഫലങ്ങൾ എന്നിരുന്നാലും പ്രതീക്ഷ കൈവിടാതെ നമുക്കു മുന്നോട്ടു തന്നെ കുതിക്കാം. കുതിക്കണം. കുതിച്ചേ പറ്റൂ...

ഇന്ന് മൊബൈൽഫോൺ ആധിപത്യം നമ്മെ കീഴ്പ്പെടുത്തി ഇരിക്കുകയാണ്. സ്കൂളിൽ മൊബൈൽ കൊണ്ടുവന്നതിന് കുട്ടികളെ ഫൈൻ ചാർത്തിയിരുന്ന അധ്യാപകരും, ഒളിച്ചുവെച്ച മൊബൈൽ ഉപയോഗിച്ചതിന് മക്കളെ ശാസിച്ച രക്ഷകർത്താക്കളും, കുട്ടികളോട് മൊബൈൽ കൈവശം വെക്കാനും പഠിത്തത്തിൽ കൂടുതൽ ശ്രദ്ധിക്കാനും ആവശ്യപ്പെടുന്നു. കഴിഞ്ഞ ഒന്നര വർഷത്തിനുള്ളിൽ സമൂഹത്തിൽ വന്നുചേർന്ന മാറ്റമാണിത്. കുട്ടികളോട് മൊബൈൽ എടുത്തു പഠിക്കൂ എന്നു പറയുന്ന മാതാപിതാക്കൾ, പ്രായമുള്ളവരിൽ ചിരി ഉണർത്തുന്നതായി കാണാം.

കുട്ടികളെ സംബന്ധിച്ചിടത്തോളം ഉയർന്നു നിൽക്കുന്ന ചില പ്രശ്നങ്ങൾ വളരെ ഗുരുതരമായ പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്. നമുക്ക് അറിയാം കൗമാരം മാനസികമായ പിരിമുറുക്കത്തിന്റെ നാളുകളാണ്. അവർ സ്വയം ഒറ്റപ്പെട്ടുപോയി, സ്നേഹിക്കപ്പെടാൻ അവഗണിക്കപ്പെടുന്നു എന്ന ചിന്ത നാൾക്കുനാൾ വളരുന്നു.ഉയർന്ന മാർക്ക് വാങ്ങാൻ കഴിയാതെ വന്നാൽ മറ്റുള്ളവരുടെ മുമ്പിൽ താൻ മോശക്കാര നായിതീരും എന്ന ഭീതിയും വിദ്യാർത്ഥികളെ നിരന്തരം വേട്ടയാടിക്കൊണ്ടിരിക്കുന്നു.കൂടാതെ മാതാപിതാക്കൾക്ക് ഇടയിലുള്ള പ്രശ്നങ്ങൾ വിഷാദം ആത്മഹത്യാപ്രവണത എന്നിങ്ങനെ അനേകം പ്രശ്നങ്ങളിലൂടെ ഇക്കൂട്ടർ കടന്നുപോകണം. പ്രസ്തുത സന്ദർഭത്തിലാണ് ഓൺലൈൻ ക്ലാസുകൾ നടക്കുന്നത്. ഇതല്ലാതെ ഇപ്പോൾ വേറൊരു മാർഗ്ഗത്തെ കുറിച്ച് നമുക്ക് ചിന്തിക്കാൻ കൂടി സാധ്യമല്ലാതായിരിക്കുന്നു. ഈ സമയത്ത് കുട്ടികൾക്ക് ഒരു കൈത്താങ്ങ് ആകുന്നത് സ്വന്തം ക്ലാസിലെഅല്ലെങ്കിൽ സമപ്രായക്കാരായ കൂട്ടുകാരാണ്.സമപ്രായക്കാരുടെ ഇടയിലുള്ള വൈകാരിക ബന്ധങ്ങൾ നഷ്ടമാകുന്നു എന്നതാണ് ഓൺലൈൻ ക്ലാസിലെ ഏറ്റവും വലിയ കുറവ്. കുട്ടികൾ പഠിക്കാൻ ഉപയോഗിക്കുന്ന സ്ഥലവും വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഓൺലൈൻ പഠനത്തിനായി വിജനമായ സ്ഥലങ്ങളും അടച്ചിട്ട മുറികളും ഉപയോഗിക്കുന്നതായി കാണാറുണ്ട്. കരുതുന്നത് കൂടുതൽ ഏകാഗ്രത ലഭിക്കുമെന്നതാണ്. എന്നാൽ ഇതു ശരിയല്ല. എല്ലാവർക്കും കാണാൻ പറ്റുന്ന ഒരു സ്ഥലത്തിരുന്ന് ഓൺലൈൻ ക്ലാസ് അറ്റൻഡ് ചെയ്യുന്നതാണ് ഏറ്റവും നല്ലത്.

ക്ലാസിലെ ഷെഡ്യൂൾ കുട്ടിയെ പോലെ തന്നെ രക്ഷകർത്താക്കളും അറിഞ്ഞിരിക്കുന്നത് നല്ലതാണ്. ക്ലാസ് നടക്കുന്ന സമയത്ത് കൃത്യമായി ക്ലാസ്സിൽ കയറുന്നുണ്ടോ അതിനിടെ മറ്റേതെങ്കിലും സ!!ൈ!!റ്റിലേക്ക് പോകുന്നുണ്ടോ എന്ന് ശ്രദ്ധിക്കണം. ഓൺലൈൻ ക്ലാസുകൾ കുട്ടികളുടെ ചിട്ടയായ ജീവിത ചര്യയെ അവതാളത്തിലാക്കി എന്ന അഭിപ്രായം ഉണ്ടാക്കാം, പക്ഷേ നമ്മൾ ചിന്തിക്കേണ്ടത് ഈ സാഹചര്യത്തിലും ഇങ്ങനെയെങ്കിലും നടത്താൻ സാധിക്കുന്നു ഉണ്ടല്ലോ എന്നതാണ്. ഏതു സാഹചര്യത്തിലും പ്രതിസന്ധികൾ ഉണ്ടാകും അത് നേരിടുകയാണ് വേണ്ടത്. അല്ലാതെ ഒളിച്ചോടാൻ പാടില്ല.

പ്രസ്തുത മാറ്റങ്ങളെല്ലാം സ്ഥായിയായി നിൽക്കില്ല. ഒരു ദിവസം നമ്മൾ ഇതിനെല്ലാം മുന്നേറുക തന്നെ ചെയ്യും. മുമ്പും കാലയവനികയ്ക്കുള്ളിൽ ഇത്തരം സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. അതെല്ലാം നമ്മൾ മറി കടന്നിട്ടുണ്ട്. ഇനിയും നമ്മൾ മുന്നോട്ടു തന്നെ കുതിക്കാൻ വേണ്ടി എല്ലാവർക്കും കൂട്ടായ പ്രവർത്തനം തുടരാം. ലക്ഷ്യത്തിലെത്താൻ ഇനി ദീർഘദൂരം ഇല്ലെന്ന് ഓർക്കുക.
പ്രിയപ്പെട്ടവരെ മുന്നോട്ട്.ഒരിക്കലും പതറരുത്....

# ANNUAL REPORT 2019-21



**Dr. Joseph Kacharayil**
(Principal)

It is with immense pleasure and gratification that I am presenting the Annual report of Crescent B.Ed College, Madayipara, Payangadi for the year 2019-21. The classes for the present batch began in 01-07-2019. The total intake of our college is 100. Out of which 50 seats filled in the merit quota and remaining 50 seats by the management quota. We offer 5 optional subject: English, Mathematics, Natural science, Physical science and Social science.

FACULTY

We have enthusiastic and vibrant faculties. The non-teaching staffs comprises of 5 members. Faculty members are as follows

1. **Dr.Joseph Kacharayil**
   (Principal, Crescent B.Ed College,Payangadi)
2. **Smt. Uma.P.V. M.Sc, M.Ed , M.Phil.,NET**
   (Asst. Prof.in physical science)
3. **Smt Lisha.T** . MA, M.Ed, NET in Economics
   (Asst. Prof.in General Education)
4. **Santhosh Kumar .K.V.** MA, M.Ed
   (Asst. Prof.in General Education)
5. **Sri Jayesh Thadathil**, MA, M.Ed
   (Asst. Prof. in English)
6. **Shynimol.D Kochithara**. MA, M.Ed, NET
   (Asst. Prof.in social science)
7. **Sreena.P.T** M.Sc. , M.Ed., NET
   (Asst. Prof.in Natural Science)
8. **Shimoj. M.V.** M.Sc, M.Ed, NET
   (Asst. prof,in Physical Science)
9. **Smt.Sapna.K** . MA, M.Ed,
   (Asst. Prof.in social science)
10. **Smt.Subha A**, MA, M.Ed
    (Asst. Prof. in English)
11. **Sri.Ranjith A.K.** M.PEd., M.Phil, PGDSM, M.Sc Yoga
    (Asst. Prof, in physical education)
12. **Sri Balakrishnan** M.Sc, M.Ed., M.Phil.,MA (Sociology @ Political Science) , M.Sc , Psychology, diploma in guidance and counselling.
    (Asst. Prof. in Mathematics)
13. **Smt. Prameela. P.v.** M.Sc,M.Ed, NET
    (Asst. Prof. in Mathematics)
14. **Sri. Ajith KumarA K** . M.Sc,M.Ed, NET
    (Asst. prof,in Natural Science)
15. **Miss Ashitha P V**, MCA
    (Asst. prof in ICT)

**Non-teaching staff**

1. **Sri.Krishnan.p**
   (Office superintendent)
2. **Mani Pavithran**
   (Office assistant)
3. **Remya .M**
   (Librarian)
4. **Nisha.M.V.**
   (Cont. Employee)
5. **Reena**
   (Cont.Employee)

The following teachers were to guide the various activities in the college.

| | | |
|---|---|---|
| Staff secretary | : | Smt.Sreena P T |
| Assembly and attendance | : | Sri.Balakrishnan |
| Staff advisor | : | Smt. Lisha T |
| Staff editor | : | Sri.Balakrishnan |
| Educational tour coordinator | : | Sri. Santhosh Kumar |
| Examination | : | Smt.Sreena P T |
| Workshop coordinator | : | Smt. Shynimol D |
| Women cell | : | Smt. Uma P V |
| Anti-raging cell | : | Smt.Lisha T |
| Nature club | : | Sreena. P.T and Uma.P.V |
| Social science club | : | Shynimol.D and Sapna.K |
| Literary club | : | Jayesh Thadathil and Subha |
| Maths club | : | Balakrishnan and Prameela |
| Health club | : | Ranjith.K |

**PTA**

The Parent Teachers Association of our college also has been the back bone which sustains and accelerates all activities and provides all academic and related facilities. Mr. Mohanan T was the PTA Vice Ppresident for the academic year 2019-21.

**College Union**

The College union election was held on 05/09/2019 in a democratic way. The following Student Teachers were elected as the office bearers of the college union.

| | | |
|---|---|---|
| Chairman | : | Keerthana N V |
| Vice chairman | : | Alden Denver Menzel |
| General Secretary | : | Varna K Nambair |
| Joint secretary | : | Mashoora Abdul Majeed |
| Fine arts secretary | : | Manya Gop |
| Student Editor | : | Revathi K P |
| General Captian | : | Jeena Dasan |
| UUC | : | Athul Babu |
| Class representatives | | |
| 1. English | : | Farzana P K |
| 2. Mathematics | : | Babisha |
| 3. Natural science | : | Shalabha N |
| 4. Physical science | : | Siji T K |

5. Social science : Vachana

## TALENTS DAY

The first programme conducted in the college was talents day on 15/07/2019. The programme was inaugurated by the former principal Dr. Neena.M.K. The students participated in different events like dance, music, mono act etc.

## MAZHAYATRA

The next programme was Mazhayatra on 17/07/2019. Since it was in the month of July it was a perfect time for it. The students were able to learn about different biodiversity in Madayipara.

## HIROSHIMA DAY

The next programme was Hiroshima Day on 6/08/2019.The Social Science option conducted the programme.

## INDEPENDENCE DAY

Crescent B Ed College was organised Independence Day celebration on 15/08/2019 .The Independence day was celebrated with great patriotism.

## JAM

JAM (just a minute) programme was conducted on 21st august 2019.the first programme organised by the nature club under Smt. Sreena P.T. Asst. Prof. in natural science. This was conducted club wise and each club represented 3 members. The winners was social science club.

## NATIONAL SPORTS DAY

The health club conducted national sports day on 29/08/2019 in the memory of Dyan chand the great Indian field hockey player.

## spellB

The English club inaugurated on 2nd September 2019 the spellB competition under the supervision of Smt. Subha Asst. Prof. in English.

## UNION ELECTION

The union election was conducted on 5/03 2019 under the leadership of Santhosh Kumar, Asst. Prof. in education and also teachers day celebrated on the same day.

## ONAM CELEBRATION

The staff and Student teachers of Crescent B Ed College our national festival celebration in the institution on 6/09/2019.

## FIELD TRIP

A one day field trip was conducted to pilikula, mangalore on 20/09/2019 headed by different optional teachers. It was a different experience to see the old art forms.

## MATHS CLUB INAUGURATION

The club activities of Maths club was inaugurated on 24th September 2019 by Sri Balakrishnan Asst prof. in Mathematics in memory of Sreenivasa Ramanujan.

## FILM FESTIVAL

The social science option of the college conducted two days film festival on 24th September 2019

.In the afternoon films screened was Tarre zameen per, Chak de India. Both the teachers and student teachers participated in the programme.

## COOKING WITHOUT FIRE

The eco club conducted cooking festival on 14/10/2019. The programme was titled as Cooking without fire.

## UNION AND FINE ARTS DAY INAUGURATION

Union and fine arts was inaugurated on 15/10/2019.The inauguration was done by Sri. Karivellur Murali a poet Orator and lyricist.

## X'MAS DAY AND SPORTS DAY

The second semester of the academic year 2019-21 started from December 2019 to march 2020. Christmas day celebration was conducted on 20/12/2019 and sports day on 10/01/2020. It was conducted on 10th January at palayam ground. The programme was inaugurated by Mr.Shaji S.I. payangadi police station.All the Student teachers were actively participated in both the programmes

## DEMONSTRATION AND CRITICISM CLASSSES

Pre-internship training as a part of curriculum was organised on 13-01-2020, 14-01-2020, 16-01-2020at Jama –Ath HSS Puthiyangadi and GGHSS Madayi with fine planning and necessary arrangements.

## EDUCATIONAL TOUR

Tour of the year fulfilled the expected outcome of learning. The destination of the tour was Delhi, Agra and Nepal. The programme was coordinated by Sri. Santhosh kumar, Asst. Prof. in Education.

## TEACHING PRACTICE

Teaching practice was conducted on 18th January 2021 to 27th February 2021. Due to Covid- 19 pandemic situation, school internship programme was reduced to peer teaching and school associated video lesson plans. School associated internship programme, we selected more than ten schools. I take this opportunity to express my sincere thanks to the heads and supervising teachers of the respective schools who helped a lot to complete the teaching practice effectively.

## UNDERSTANDING THE SELF

Various programmes was conducted during 3rd semester and 4th semester. As a part of EPC- 04 understanding the self an online class was conducted for 5days .The programme was inaugurated by Dr. Joseph Kacharayil, Principal Crescent B.Ed. College. The programme was coordinated by Sri Ajith kumar .A, Asst. Prof. in Natural Science.

## DISASTER MANAGEMENT

An awareness programme on Disaster Management was conducted on 23/10/2021. The resource person was Mr. T.V. Pavithran fire station officer, Payannur.

## KAUMARATHIL ALPAM KARUTHAL

An awareness class on adolescent students was conducted on 30/01/2021 about kaumarathil Alpam Karuthal. The programme was inaugrated by Dr. Joseph Kacharayil. Resource person was Mr Sumesh P.P. Centre coordinator, Child line Kannur.

## GENDER AND SOCIETY

A programme on gender and society was conducted on 6/02/21 by Esha Kishore (Kshema CBO president, dancer, news reader).

president, dancer, news reader).

**MASTERS TOUCH**

Masters touch, a class for guidance was conducted on 20th February.The class was handeled by Dr.Sr. Teesa Palackal Diecetose of Hridyaram institute.

**YOGA PROGRAMME**

The last programme was conducted on yoga on 27/02/21 by resource person Sri Ranjith .K Asst. Prof, in Health and Physical education and Sri Ajithkumar A.K. Asst. Prof. in natural science.

**COLLEGE DAY AND FAREWELL**

The college day and farewell of batch 2019-21 was conducted on 20th March 2021.. Presidential address was given by Ms. Keerthana N V (College Union Chairperson). A report on College union was given by Ms. Varna K Nambiar (General Secretary, College Union). The programme was inaugurated by Dr. Joseph Kacharayil (Principal). Felicitation was delivered by Mrs. Sreena P T (Staff Secretary). Vote of thanks was given by Ms. ManyaGop (Fine Arts Secretary, College Union). Two students from each optional subjects were reflected their experiences in college.. The programme ended with cultural programmes

I place on record with gratitude for the unconditional support rendered by the teaching staff, non teaching staff and office bearers of the students union, parents and all other well-wishers of our institution. I hope that the achievements of the students will continue in the upcoming academic years as well. I wish all my students and colleagues the very best for all the future ventures.

Dr Joseph Kacharayil
Principal



Muhaira Halmiya B V
(English)

MATCH BOXES

I dedicate this to the
Colour of my world
Light sight dreamed all time
For the heart
For the hand
For the soul
Like a honey bee
In the wonders of the world
Match boxes have heart
Like a face of a Chinese
They are Tadpoles
Came out from fishes
With these fishes
They came to eat
The joyful supper, may be the
LAST SUPPER, of their heavenly life
But unlucky fishes are now
IN A HELL..





# ഹൃദയഭൂമിയിലൂടെ ബുദ്ധ താഴ്‌വരയിലേക്ക്...

> "യാത്രകളെന്നും
> അനുഭവങ്ങളാണ്.
> കേട്ടറിവുമാത്രമുണ്ടായിരുന്ന
> ഒരു ദേശത്തെ, ജനതയെ,
> അവരുടെ സംസ്കാരത്തെ,
> ജീവിതരീതിയെ, ഭക്ഷണ
> ശീലങ്ങളെ, ആരാധന
> രീതികളെ അടുത്തറിയാനുള്ള
> അവസരങ്ങളാണ് യാത്രകൾ
> സമ്മാനിക്കുന്നത്."



ദീഷ്ണ പ്രസാദ്
(Social Science)

ക്രസന്റ് ബി എഡ് കോളേജ് 2019 21 ബാച്ചിന്റെ പഠനയാത്ര 15 ദിവസം നീണ്ടുനിൽക്കുന്നതായിരുന്നു. ഡൽഹി, നേപ്പാൾ എന്നീ പ്രദേശങ്ങളാണ് യാത്രയുടെ പ്രധാന ആകർഷണങ്ങൾ. ജനുവരി 22 മുതൽ ഫെബ്രുവരി 5വരെ നീണ്ടു നിൽക്കുന്നതായിരുന്നു പഠനയാത്ര. ജീവിതത്തിൽ ഇതുവരെയുണ്ടായ യാത്രകളിൽ ദൈർഗ്യമേറിയ യാത്രയാണിത്. ഇന്ത്യ നേപ്പാൾ രാജ്യങ്ങളിലെ സാംസ്കാരിക സമന്വയങ്ങളെ, ജീവിതരീതിയെ, ചരിത്രനിർമ്മിതികളെ, ഭൂമിശാസ്ത്ര പ്രത്യേകതകളെ, കല

സാംസ്കാരിക വ്യത്യാസങ്ങളെ അടുത്തറിയാനും മനസിലാക്കാനും അവസരമൊരുക്കിയ യാത്ര. ജീവിതത്തിൽ നവാനുഭവങ്ങൾ സമ്മാനിച്ച യാത്രയെക്കുറിച്ച്......



2020 ജനുവരി 22 ബുധനാഴ്ച കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നിന്നാണ് പഠനയാത്രയുടെ ആരംഭം. സമയം വൈകുന്നേരം 5.55. അമരാവതി എക്സ്പ്രസ്സ് ചൂളം മുഴക്കി. തീവണ്ടിയിലെ ആദ്യ മൂന്ന് ബോഗികൾ ഞങ്ങൾ കയ്യടക്കി. വിവിധ വീടുകളിലെ രുചിക്കൂട്ടുകളുടെ മേളം ആ രാത്രി അനുഭവിച്ചറിഞ്ഞു. മൂന്നു ദിവസം നീണ്ടു നിന്ന തീവണ്ടിയാത്ര....

പാട്ടും ഡാൻസും അന്താക്ഷരിയുമായി ആർത്തുല്ലസിച്ചാണ് യാത്ര. യാത്രക്കിടയിൽ പരിചയപ്പെട്ട രണ്ട് മലയാളി കുടുംബങ്ങൾ പാട്ടിന്റെ താളത്തിൽ സ്നേഹപൂർവ്വം ഞങ്ങൾക്കൊപ്പം ചേർന്നു. അധ്യാപകർ ഞങ്ങളിലൊരാളായി മാറിയത് ആവേശമായി. പുറത്തെ കാഴ്ചകൾ മനോഹരമായിരുന്നു. ജോലിയിൽ മുഴുകിയിരിക്കുന്നവർ, തിരക്കേറിയ മാർക്കറ്റുകൾ, കെട്ടിടങ്ങൾ, വയലുകൾ, വീടുകൾ, എന്നിങ്ങനെ വ്യത്യസ്തമായ കാഴ്ചകൾ. കേരളാതിർത്തി കഴിഞ്ഞപ്പോൾ ഗന്ധത്തിൽ പോലും ചുറ്റുപാടിന് വലിയ വ്യത്യാസം.

ഞങ്ങൾ രാജ്യ തലസ്ഥാന നഗരിയിലെത്തുകയാണ്. '2020 ജനുവരി 24 രാവിലെ 11.30' ഡയറിയിൽ കുറിച്ചു. ലോകമാന്യത്തിലക് റെയിൽവേ സ്റ്റേഷനിൽ കണ്ട ചില നേർക്കാഴ്ചകൾ കേരളം എത്ര സുന്ദരമെന്ന ചിന്തയിലേക്ക് നയിച്ചു.
ടൂർഗൈഡിന്റെ നിർദേശപ്രകാരം റൂമിലേക്ക്. മൂന്നു ദിവസം നീണ്ട തീവണ്ടി യാത്രയുടെ ഉറക്കച്ചടവുകൾ നീക്കി നേരെ പാർലമെന്റിലേക്ക്....

രാഷ്ട്രപതി ഭവന്റെ മുന്നിലൂടെ പാർലമെന്റിലേക്ക് പോകുമ്പോൾ അഭിമാനം തോന്നി. റിപബ്ലിക്ദിന പരേഡിന്റെ ഒരുക്കങ്ങളിൽ മുഴുകിയിരിക്കുകയാണവിടം. പരേഡിന്റെ പരിശീലനവും ഞങ്ങൾക്ക് കാണാനായി. ചിത്രത്തിൽ മാത്രം കണ്ടിരുന്ന പാർലമെന്റിന്റെ ഉൾഭാഗം കാണുക എന്നത് ആദ്യാനുഭവമാണ്. രാജ്യസഭ ലോകസഭ ഹാളുകൾ, അവയുടെ രീതികൾ പാലക്കാടുകാരനായ ഒരു ഉദ്യോഗസ്ഥൻ വിശദമായി പറഞ്ഞുതന്നു. കൂട്ടത്തിൽ മറ്റാർക്കും കിട്ടാത്ത അനുഭവം ഞങ്ങൾക്ക് ലഭിച്ചത് സംയുക്തസമ്മേളന ഹാളിൽ വെച്ചാണ്. സംയുക്തസമ്മേളനഹാളിലെ മുൻനിര കസേരയിൽ ഉദ്യോഗസ്ഥരുടെ അനുവാദത്തോടെ ഞാനും അഷിതയും അഭിമാനപൂർവം ഇരുന്നു. ഗ്രൂപ്പ് ഫോട്ടോയുടെ പശ്ചാത്തലത്തിൽ പതിഞ്ഞ ത്രിവർണ ലൈറ്റുകളാൽ അലങ്കരിച്ച പാർലമെന്റ് മനസിലെ മായാത്ത ചിത്രമാണ്. പാർലമെന്റിൽ നിന്നിറങ്ങി തൊട്ടടുത്ത മാർക്കറ്റിൽ കുറച്ചു നേരം ചിലവഴിച്ചു റൂമിലേക്ക് മടങ്ങി.

ഡൽഹിയിലെ വിവിധ മ്യൂസിയങ്ങളിലൂടെയാണ് ഇനി യാത്ര. ജവഹർലാൽ നെഹ്റു മ്യൂസിയവും ഇന്ദിരഗാന്ധി മ്യൂസിയവും അവരുടെ ജീവിതത്തിന്റെ നേർസാക്ഷ്യങ്ങളാണ്. നെഹ്റു മ്യൂസിയത്തിൽ അദ്ദേഹം ഉപയോഗിച്ച സാധനങ്ങൾ അടുക്കും ചിട്ടയോടെ ക്രമീകരിച്ചിരിക്കുന്നു. അവയിൽ എന്നെ ഏറെ സ്വാധീനിച്ചത് മകൾ ഇന്ദിരപ്രിയദർശിനിക്ക് എഴുതിയ കത്താണ്.

ഇന്ദിരഗാന്ധി മ്യൂസിയത്തിലെ ഇന്ദിരപ്രിയദർശിനിയുടെ യൗവനകാല ചിത്രം ആരെയും അസൂയപ്പെടുത്തും.
ഇന്ദിരഗാന്ധി ഉപയോഗിച്ച വസ്തുക്കൾ മാത്രമല്ല വെടിയേറ്റുമരിച്ച പാതയും കാഴ്ചകളുടെ ഭാഗമാണ്. രാജീവ്ഗാന്ധി കൊലചെയ്യപ്പെട്ടപ്പോൾ ധരിച്ച വസ്ത്രങ്ങളും അവിടെ സൂക്ഷിച്ചിരിക്കുന്നു.

നാലാം ദിവസത്തെ മറ്റൊരു ആകർഷണം കുത്ബുദ്ദീൻ ഐബകിന്റെ കുത്തബ്മിനാറാണ്. ആകാശത്തോളം ഉയർന്നു നിൽക്കുന്ന കുത്തബ്മിനാറിനെ മുഴുവനായും ഫോണിൽ പകർത്താനുള്ള ശ്രമം നടത്തിയെങ്കിലും പൂർത്തീകരിക്കാനാവാത്ത, മനോഹാരിതയും അതിശയവുമായി അത് ഉയർന്നു നിൽക്കുന്നു.




ഇനി നേപ്പാളിലേക്കുള്ള യാത്രയാണ്. ഉത്തർപ്രദേശിലെ ഖൊരക്പുരിൽ നിന്ന് ബസ് മാർഗമാണ് യാത്ര. ഖൊരക്പുരിലേക്ക് ട്രെയിൻ മാർഗവും.
ട്രാഫിക് ജാമിനെ വകഞ്ഞുമാറ്റി ട്രെയിനിനായുള്ള ഓട്ടവും ഓർമകളിൽ നിന്ന് മാഞ്ഞുപോയിട്ടില്ല.

ഖൊരക്പുരിലേക്കുള്ള യാത്രയും മറക്കാനാവാത്തതാണ്. മിതമായ കാലാവസ്ഥയിൽ

ജീവിക്കുന്ന ഒരുകൂട്ടം വിദ്യാർത്ഥികൾ ജനുവരി മാസത്തിൽ കൊടും തണുപ്പുള്ള ഖോരക്പൂരിലേക്ക് യാത്ര ചെയ്യുന്നത് ഒന്ന് ചിന്തിച്ചു നോക്കൂ... അർധരാത്രിയായപ്പോഴേക്കും തണുപ്പിന്റെ കഠിന്യം കൂടിവന്നു. കണ്ണുകൾ മാത്രം പുറത്ത് കാണിച്ചിരിപ്പായ ഞങ്ങളോട് ഉത്തർപ്രദേശുകാരനായ ഒരു അപ്പൂപ്പൻ 'ഈ അവസരത്തിൽ ഇവിടെ ആരും ടൂർ വരാറില്ല. കൊടും തണുപ്പല്ലേ' എന്ന് പറഞ്ഞപ്പോൾ ഞങ്ങൾക്ക് പറ്റിയ അമളിയോർത്ത് ചിരിതോന്നി. പക്ഷെ ഇതും ഒരു അനുഭവമാണല്ലോ!

പുറംകാഴ്ചകൾ മനോഹരമായിരുന്നു. നോക്കെത്താ ദൂരത്തോളം വ്യാപിച്ചു കിടക്കുന്ന വയലുകൾ മഞ്ഞു മൂടിയിരിക്കുന്നു.

വിശപ്പിന്റെ ആളലോടെ സമയം നോക്കി. ഉച്ച 2 മണി. ട്രെയിൻ ചൂളം വിളിച്ചു. സ്ഥലം ഖൊരക്പൂർ.

ഇനി നേപ്പാളിനെ ലക്ഷ്യമാക്കി യാത്ര... പാസ്സ്പോർട്ടും വിസയുമൊന്നുമില്ലാതെ വിദേശരാജ്യം കാണാൻ ബസിലൊരു യാത്ര.

രാത്രി 9മണിക്ക് ഇന്ത്യ നേപ്പാൾ അതിർത്തിയായ സുനോലിയിലെത്തി. മൂടൽമഞ്ഞാൽ നിറഞ്ഞിരിക്കുന്നു സുനോലി. സംസാരിക്കുമ്പോൾ പോലും വായിൽനിന്ന് പുകപോവുന്ന കാലാവസ്ഥ. ചൂട് ബിരിയാണി നൽകിയ ആശ്വാസത്തിൽ വീട്ടിലേക്ക് വിളിക്കാൻ ംശളശക്കായി യുദ്ധം ചെയ്ത് അഞ്ചാം ദിവസവും രസകരമായി പൂർത്തിയാവുന്നു.

നേപ്പാളിനെ അറിയാൻ പുറപ്പെടുകയാണ്. മൂടൽ മഞ്ഞിനെ വകഞ്ഞുമാറ്റി പാട്ടും ഡാൻസും ആർപ്പുവിളികളുമായി ആഘോഷമാക്കിയാണ് യാത്ര. ലക്ഷ്യം തലസ്ഥാന നാഗരിയായ കാഠ്മണ്ഡു. മനസിൽ അല്പം ഭയം രൂപപ്പെട്ടിരിക്കുന്നു. കോവിഡ് 19 റിപ്പോർട്ട് ചെയ്തു എന്ന വാർത്തയ്ക്കിടയിലാണ് യാത്ര.

പശുപതിനാഥ് ടെമ്പിളാണ് ആദ്യ സന്ദർശന സ്ഥലം. നേപ്പാളിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമാണവിടം. പശുപതിയാണ് മുഖ്യ ആരാധനാമൂർത്തി. കേരളത്തിലെ ആരാധനാലയങ്ങളിൽ നിന്ന് വളരെയധികം വ്യത്യസ്തമാണ് പശുപതിനാഥ ടെമ്പിൾ. വ്യത്യസ്ത ആരാധനാ മൂർത്തികൾ, വ്യത്യസ്ത നിർമ്മാണരീതികൾ

വിവിധ നിറത്തിലുള്ള ചന്ദനങ്ങൾ എല്ലാം വ്യത്യസ്തം തന്നെ. ദിവ്യചുല്ലിയിലെ മറ്റൊരു ആരാധനാലയവും മൈഥിമാർഗിലെ കടകളും സന്ദർശിച്ചാണ് മടക്കം.

നേപ്പാളിലെ മറ്റൊരാകർഷണം സ്വയംഭൂനാഥ ടെമ്പിളാണ്. മലമേട്ടിൽ സ്ഥിതിചെയ്യുന്ന നിറയെ സ്റ്റെപ്പുകളുള്ള ഒരു അമ്പലം.നേപ്പാളി സംസ്കാരം വിളിച്ചോതുകയാണവിടം.സൂപ്പർഹിറ്റ് മലയാള ചലച്ചിത്രം 'യോദ്ധ' കണ്ടവർക്ക് ആ സ്ഥലങ്ങളൊക്കെ വളരെ പരിചിതമാണ്. നായിക 'അശ്വതി' നടന്നുനീങ്ങിയ സ്റ്റെപ്പിൽ നിന്ന് ഞങ്ങൾ ഫോട്ടോ പകർത്തി.

ബുദ്ധനിൽകാന്തയിലെ ജലനാരായൺ ടെമ്പിളിൽ ജലനിദ്രയിലാണ് ആരാധനാമൂർത്തി. പുറത്ത് കച്ചവടക്കാരിൽ നിന്ന് ബുദ്ധന്റെ ഒരു പ്രതിമ വാങ്ങി. വിലപേശാൻ മിടുക്കിയാണെന്ന് തെളിയിച്ച അവസരം. നേപ്പാളി രൂപയ്ക്ക് ഇന്ത്യൻ രൂപയേക്കാൾ മൂല്യം കുറവാണെന്ന് മനസ്സിലാക്കി. ജലനാരായണനെക്കാളും മുഖ്യ ആകർഷണം അവിടെയുണ്ടായിരുന്ന നേപ്പാളി സെക്യൂരിറ്റി ഉദ്യോഗസ്ഥനാണ്. ഞങ്ങളെക്കാളേറെ അദ്ദേഹം കേരളത്തെക്കുറിച്ച് പറഞ്ഞുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ വക ഒരു ഗ്രൂപ്പ് ഫോട്ടോയും. ആ വൈകുന്നേരത്തെ സമ്പുഷ്ടമാക്കിയത് മാർക്കറ്റിൽ സാധനങ്ങൾ വാങ്ങാൻ കിട്ടിയ അവസരമാണ്. എല്ലാ സാധനങ്ങൾക്കും പൊള്ളുന്ന വില. സാധനങ്ങളിലായിരുന്നില്ല നേപ്പാളി രുചികളിലായിരുന്നു എന്റെയും സുഹൃത്ത് ജീനയുടെയും ശ്രദ്ധ. നേപ്പാളിൽ വന്നിട്ടും ടൂർ ഗൈഡ് ഞങ്ങൾക്ക് ഒരുക്കിയത് കേരളീയ ഭക്ഷണമാണ്. അതൊരു വിധത്തിൽ ആശ്വാസം തന്നെ. നേപ്പാളിൽ എത്തിയിട്ട് നേപ്പാൾ ഭക്ഷണം കഴിക്കാതെ പോകുന്നതെങ്ങനെ?

25 രൂപ മുടക്കി ഞങ്ങൾ ഒരു പലഹാരം വാങ്ങി. രുചികരമായിരുന്നു അത്. സമയം കഴിഞ്ഞു... അധ്യാപകരുടെ നിർദ്ദേശം. രാവിലെ കൂടെക്കൂടിയ ബുദ്ധനുമായി റൂമിലേക്ക്....

ഇനി പൊഖറയിലേക്കുള്ള യാത്രയാണ്. യാത്രക്കിടയിലാണ് മനക്കാംന വിനോദസഞ്ചാര കേന്ദ്രം. മനക്കാംനയെ തഴുകി അതിമനോഹരിയായി ഒരു നദി



യൊഴുകുന്നു. വെള്ളത്തിൽ കാൽകുത്തുമ്പോൾ അതി കഠിനമായ തണുപ്പ്. പാർക്ക് ചുറ്റിനടന്ന് ഫോട്ടോ പകർത്തി, വെള്ളച്ചാട്ടം ആസ്വദിച്ച്, ഇനി അടുത്ത മല യിൽ സ്ഥിതിചെയ്യുന്ന അമ്പലം കാണാനുള്ള യാ ത്രയാണ്. യാത്ര എന്നുപറഞ്ഞാൽ റോഡിലൂടെയോ റെയിലിലൂടെയോ അല്ല കേബിൾ കാറിലൂടെ...

വലിയൊരു കുന്നിൽ നിന്ന് മറ്റൊരു കുന്നിലേക്ക് കേബിളിലൂടെ അങ്ങോട്ടുമിങ്ങോട്ടുമുള്ള യാത്ര അത്യന്തം രസകരം തന്നെ. പുതിയ അനുഭവവും. ആകാശ യാത്രയ്ക്കിടയിലെ കാഴ്ചകളും സുന്ദരമാ ണ്. നിറയെ കാടുമൂടിയ കുന്നുകൾ ചെറു പൊട്ടുപേ ാലെ കാണപ്പെട്ടു. തണുപ്പാൽ വിരുന്നൊരുക്കിയ ആ വലിയ നദി മെലിഞ്ഞില്ലാതായപോലെ. 'ഇവിടെ നിന്ന് വീണാൽ പൊടിപോലും കിട്ടില്ല' എന്ന് ജിജിഷേച്ചി യുടെ കമന്റ്... അങ്ങേയറ്റത്തെ വലിയ കുന്നിൽ മനേ ാഹരക്കാഴ്ച ഒരുക്കുകയാണ് മനക്കാംന അമ്പലം. അമ്പലത്തിന്റെ മേൽക്കൂരയിൽനിന്ന് പ്രാവുകൾ പ ാറിപ്പറക്കുന്ന സായാഹ്നവേള. വഴിയോരങ്ങളിൽ ഇരു വശവും കച്ചവട കേന്ദ്രങ്ങൾ. ചുറ്റും ഓറഞ്ച് തേ ാട്ടങ്ങൾ. കയ്യെത്തിപ്പിടിച്ചാൽ പറിക്കാൻ പറ്റുന്ന വിധ ത്തിൽ ഓറഞ്ച് പൂത്തുലഞ്ഞിരിക്കുന്നു. ഒരു കിലോ ഓറഞ്ചിന് 100 രൂപയോളം കൊടുത്തിരുന്ന മനുഷ്യർ അത് പത്ത് രൂപയ്ക്ക് വാങ്ങിക്കൂട്ടുകയാണ്. ബസ് നിറയെ ഓറഞ്ച് മയം. പൊഖറയെ ലക്ഷ്യമാക്കി യാ ത്ര തുടർന്നു. വിവിധ ഭൂപ്രകൃതികൾ, ജനജീവിത ങ്ങൾ, വിപണന ശാലകൾ എല്ലാം ഒറ്റ ഫ്രെയിമിൽ കടന്നുപോയി. ഇടയ്ക്ക് ചെറു ചായക്കടയിൽ നിന്ന് കുടിച്ച കാപ്പിയുടെ രുചി ഇപ്പോഴും നാവിൻതുമ്പിലു ണ്ട്.

പൊഖറയിലെ പ്രഭാതം അതിമനോഹരം തന്നെ. ഹോട്ടലിലെ ടെറസിൽനിന്ന് കണ്ട ഹിമാലയ പർവ്വ തത്തിന്റെ മനോഹരക്കാഴ്ച മറക്കാനാവാത്തതാണ്.

ഇനിയുള്ള യാത്ര പരമ്പരാഗത നേപ്പാളി ബസ്സിലാ ണ്. ആദ്യ സന്ദർശന കേന്ദ്രം ബിൻദവാസിനി അമ്പ ലമായിരുന്നു. പ്രകൃതിയെ ആസ്വദിച്ചുള്ള യാത്രയാ ണ്

ബിൻദവാസിനിയിലേത്. പിന്നീട് ശംഭുനാഥ് ടെമ്പി ളിലേക്ക്. കേരളത്തിൽ നിന്ന് വ്യത്യസ്തമായി പ്രതിഷ്ഠയുടെ അടുത്തുപോയി പ്രസാദം വാങ്ങാ നുള്ള അവസരമുണ്ട് അവിടെ. അമ്പലങ്ങളുടെ കൊത്തുപണികളും നമ്മളിൽ നിന്ന് എത്രയോ വ്യത്യ സ്തം. പൊഖറയുടെ

മുഖ്യ ആകർഷണമായ ഫെവ ലെയ്ക്കാണ് അടു ത്ത കേന്ദ്രം. ലെയ്ക്കിലൂടെ ബോട്ടിൽ സഞ്ചരി ച്ചാൽ മധ്യഭാഗത്തുള്ള അമ്പലത്തിലെത്താം. പ ാട്ടുപാടി ആഘോഷമാക്കിയാണ് ബോട്ട് യാത്ര. നാ ലു ഭാഗം വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന അമ്പ ലം. അമ്പലത്തിന്റെ വലതുഭാഗത്ത് മീനുകൾക്കുമു ണ്ട് ഒരിടം. ആളുകൾ അവിടെയെത്തി മീനുകൾക്ക് തീറ്റ നൽകുന്നതും കാണാം. നമുക്ക് പരിചിതമ ല്ലാത്ത ആരാധന രീതികളെപ്പറ്റി പറഞ്ഞുതന്ന പെൺ കുട്ടികളോടൊപ്പം ഞങ്ങൾ ഫോട്ടോ പകർത്തി. ഈ യാത്രയിൽ അത്ഭുത കാഴ്ചയൊരുക്കിയത് മഹേന്ദ്രകേവ് ടെമ്പിളാണ്. ഭൂമിക്ക് മുകളിലൂടെ യാ ത്ര ചെയ്തിട്ടുണ്ടെങ്കിലും ഭൂമിക്കടിയിലേക്കുള്ള യാത്ര ഇതാദ്യമാണ്. മുകളിൽ നിന്ന് താഴേക്ക് സ്റ്റെപ്പുകൾ ഓരോന്നായിറങ്ങി ഒരു ഗുഹാവരണ ത്തിലെന്നപോലെ നീങ്ങി ഞങ്ങൾ. നല്ല തണുപ്പ്. നിശബ്ദതയാർന്ന അന്തരീക്ഷം. ഉറക്കെ സംസാരി ച്ചാൽ പ്രതിധ്വനി കേൾക്കാം. കുറെ ദൂരം സഞ്ചരിച്ച് പ ാറകൾക്കിടയിലൂടെ ഊർന്നിറങ്ങുന്ന വെള്ളച്ചാട്ടത്തി ന് അരികിലെത്തി. ഭൂമിക്കടിയിലും വെള്ളച്ചാട്ടമോ? ഞങ്ങൾക്ക് അതിശയം തോന്നി. ജലത്തിന്റെ അപരദ നത്താൽ വെള്ളച്ചാട്ടത്തിനരികിലെ പാറകൾ കൂർത്തി രിക്കുന്നു. ഗുഹയ്ക്കുള്ളിൽ പ്രതിഷ്ഠകളും കാണാം.



സാരംഗോട്ടിലെ അമ്പലത്തിൽ വെച്ച് നേപ്പാളി കുടുംബത്തിന്റെ കല്യാണച്ചടങ്ങിലും പങ്കെടുത്തു. ചടങ്ങുകൾ നമ്മളിൽ നിന്നും വളരെ വ്യത്യസ്തം, ലളിതം. ശീതൾപാത്തിലെ കടകളിൽ നിന്ന് നേപ്പാളി സംസ്കാരവുമായി ബന്ധപ്പെട്ട ചില സാധനങ്ങൾ വാങ്ങി സുനോലി എന്ന ഇന്ത്യ നേപ്പാൾ ബോർഡറിലേക്ക്...

നേപ്പാൾ എന്ന് കേൾക്കുമ്പോൾ ആദ്യം മനസ്സിലെത്തുന്ന ആ മഹാരഥനെ കാണാനാണ് നേപ്പാളിലെ അവസാനദിന യാത്ര. ശ്രീബുദ്ധനെ അറിയാതെ എങ്ങനെ നേപ്പാളിനോട് വിട പറയും. അദ്ദേഹത്തിന്റെ ലുംബിനിയാണ് ലക്ഷ്യം. ലുംബിനിയിൽ ഞങ്ങളെ വരവേറ്റത് കുഞ്ഞുബുദ്ധന്റെ പ്രതിമയാണ്. അദ്ദേഹത്തിന്റെ കൊട്ടാരത്തിനു ചുറ്റും മെഡിറ്റേഷനിലാണ് സന്യാസിമാരും ശിഷ്യരും. അവരുടെ കൂട്ടത്തിൽ ഞങ്ങളും കൂടി. ശാന്തം, നിശബ്ദം. ലുംബിനി കൊട്ടാരത്തിനുള്ളിൽ ശ്രീബുദ്ധനെ കാണാം. പുറത്ത് നിറയെ വലിച്ചുകെട്ടിയിരിക്കുന്ന പതാകകളും. ബുദ്ധന്റെ ഓർമ്മകൾ ഇഴുകിച്ചേർന്നിരിക്കുന്ന മനോഹര പാതകൾ, താമസിക്കാൻ റസ്റ്റ്ഹൗസ്, ലുംബിനിയും സുന്ദരി തന്നെ.
ഇനി മടക്കയാത്രയാണ്. വൈദേശിക യാത്രയുടെ അനുഭവങ്ങൾ സമ്മാനിച്ച നേപ്പാളിലെ ഓർമ്മകൾ നെഞ്ചേറ്റി സുനോലിയോട് യാത്ര പറഞ്ഞ് ഇന്ത്യ മഹാരാജ്യത്തിന്റെ തലസ്ഥാനനഗരിയിലേക്ക്...

പുലർച്ചെ അഞ്ചു മണിക്ക് ഡൽഹി പിടിച്ചു. തണുപ്പിന്റെ കാഠിന്യത്തിന് അല്പം കുറവുണ്ട്. ഡൽഹിയിലെ സാംസ്കാരിക പാരമ്പര്യത്തിന്റെ പൊൻതൂവലായ ലോട്ടസ് ടെമ്പിളായിരുന്നു ആദ്യ കേന്ദ്രം. പേരുപോലെതന്നെ താമരയുടെ ആകൃതിയിലുള്ള കെട്ടിടം. കെട്ടിടത്തിനുള്ളിൽ പ്രവേശിക്കുമ്പോൾ ബഹായി വിശ്വാസികൾ ലഘുലേഖകൾ വിതരണം ചെയ്യുന്നത് കാണാം. ശാന്തമായ അന്തരീക്ഷം. സുഖമുള്ള തണുപ്പ്. അൽപ നേരം ലോട്ടസ് ടെമ്പിളിന്റെ ഇരിപ്പിടത്തിൽ ഒന്നുമറിയാതെയിരുന്നു. മനസ്സിന് എന്തൊരു സുഖം!

അവിടെ നിന്നിറങ്ങി നേരെ ഗാന്ധിജിയുടെ അടുത്തേക്ക്. അന്ത്യവിശ്രമം കൊള്ളുന്ന രാജ്ഘട്ടിൽ അദ്ദേഹത്തെ പ്രണമിച്ചു. ശാന്തിവനത്തിൽ ഉണർന്നിരിക്കുന്ന പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിനെയും കണ്ടു. ഇന്ദിരാഗാന്ധിയുടെ ശക്തിസ്ഥലും രാജീവ് ഗാന്ധിയുടെ വീർഭൂമിയും ലാൽ ബഹദൂർ ശാസ്ത്രിയുടെ വിജയ്ഘട്ടും പോരാട്ടങ്ങളുടെ അടയാത്ത അധ്യായങ്ങളാണ്. അതിമനോഹരമായ പൂന്തോട്ടവും അവിടെ ഒരുക്കിയിരിക്കുന്നു. ചെങ്കോട്ടയാണ് അടുത്ത ലക്ഷ്യം. ഇന്തോ പേർഷ്യൻ കലാസൃഷ്ടിയുടെ ഉത്തമ ഉദാഹരണമാണ് ചെങ്കോട്ട. ചെങ്കോട്ടയിൽ ദേശീയ പതാക ഉയർന്നു പാറുന്നത് അഭിമാനത്തോടെ നോക്കി നിന്നു. ഡൽഹി ഒരു സാംസ്കാരിക സമന്വയ കേന്ദ്രം തന്നെ. ജുമാമസ്ജിദ് കാണാതെ ഡൽഹിയോട് യാത്ര പറയുന്നതെങ്ങനെ?

ചാന്ദിനി ചൗക്കിലെ ഏറ്റവും തിരക്കുള്ള ചൗരിബസാറിലെ ആൾക്കൂട്ടത്തെ വകഞ്ഞുമാറ്റി ജുമാമസ്ജിദിലെത്തുക എന്നതായിരുന്നു ഞങ്ങൾക്ക് മുന്നിലെ കടമ്പ. ആ കടമ്പ ഞങ്ങൾ അനായാസം മുറിച്ചുകടന്നു. പോക്കറ്റടിക്കാരും കള്ളന്മാരും ആൾക്കൂട്ട തിരക്കുമുള്ള ചൗരി മാർക്കറ്റിലൂടെ സഞ്ചരിച്ച് സമയത്തിന് ജുമാമസ്ജിദിലെത്താൻ സാധിച്ചത് നിങ്ങളുടെ ഇച്ഛാശക്തിയാണെന്ന് കോർഡിനേറ്റർ സന്തോഷ് സാർ പറഞ്ഞപ്പോൾ അഭിമാനം തോന്നി. പ്രൗഢഗംഭീരമാണ് ജുമാമസ്ജിദും. ഡൽഹിയുടെ സൗന്ദര്യത്തെ ആവോളം നുകർന്ന് മെട്രോയിൽ മടക്കം.

ലക്ഷ്യം ആഗ്രയാണ്. വഴിയോരത്ത് വിസ്മയം തീർത്ത് ബിർല മന്ദിർ.
കൊട്ടാര സമമായ ഒരു ആരാധനാലയം. ഭംഗിയുള്ള കൊത്തുപണികളാൽ അലംകൃതമാണ് ബിർലാ മന്ദിർ.

മനസ്സു മുഴുവൻ താജ്മഹലിനെ കുറിച്ചുള്ള ചിന്തയിൽ മുഴുകിയിരിക്കുന്നു. ആഗ്രഹം വലുതായതുകൊണ്ടുതന്നെ ഇടയ്ക്കുണ്ടാകുന്ന സമയക്കൂടുതലുകൾ ആകാംക്ഷ വർദ്ധിപ്പിക്കും. ആഗ്രയിലേക്കുള്ള യാത്രാമധ്യേ ബസിന്റെ ടയർ പഞ്ചറായി. അതൊന്നു ശരിയാക്കിയെടുക്കാൻ കുറെ നേരമെടുത്തു. അക്ഷമരായി ഞങ്ങൾ യാത്ര തുടരാൻ കാത്തിരുന്നു. ആഗ്രയിലെത്തി ആദ്യ സന്ദർശനം ആഗ്ര കോട്ടയായിരുന്നു. ഭീമാകാരമായ കോട്ടമതിൽ. ഏതൊരു ആക്രമണത്തിൽനിന്നും അത് കൊട്ടാരത്തെ സംരക്ഷിക്കുമെന്നുറപ്പ്. ആക്രമണത്തിനായി നിരവധി നിലവറകളുമുണ്ട്. പ്രത്യേക തരത്തിലാണ് നിലം ഒരുക്കിയിരിക്കുന്നത്. അതും എതിരാളികളെ നേരിടാനാണത്രേ. രാജാവിന്റെ ദർബാറും രാജ്ഞിയുടെ അന്തപുരവും കുറ്റവാളികൾക്കുള്ള ജയിലറയും എല്ലാം അവിടെ കാണാം. ആ കോട്ടയിൽ നിന്നും നോക്കിയാൽ ദൂരെ താജ്മഹൽ കാണാം. ഷാജഹാനെ തടവിൽ പാർപ്പിച്ച സ്ഥലത്തുനിന്നും ഞങ്ങൾ കുറെ നേരം താജ്മഹലിനെ നോക്കി നിന്നു.

ഉയർന്നു പൊങ്ങി നിൽക്കുന്ന ഗെയ്റ്റിനു മുന്നിൽ താജ്മഹലിനെ കൺകുളിർക്കെ കണ്ടു. വൈരങ്ങൾ പതിച്ച് വെണ്മയോടെ തലയുയർത്തിനിൽക്കുന്ന നിത്യ പ്രണയ വിസ്മയം യഥാർത്ഥത്തിൽ ഒരു മഹാത്ഭുതം തന്നെ. താജ്മഹലിനെ പശ്ചാത്തലമാക്കി ഞങ്ങൾ ഗ്രൂപ്പ് ഫോട്ടോയെടുത്തു. താജ്മഹൽ ചുറ്റി കണ്ടുവെങ്കിലും അകത്ത് പ്രവേശിക്കാൻ സാധിക്കാത്തതിൽ നിരാശതോന്നി. ഷാജഹാനും മുംതാസും അന്ത്യവിശ്രമം കൊള്ളുന്നത് അവിടെയാണല്ലോ. എങ്കിലും താജ്മഹലിന്റെ തിരുമുറ്റത്തെത്താനായല്ലോ എന്ന സന്തോഷമാണ് മനസ്സ് നിറയെ. താജ്മഹലിൽ നിന്നിറങ്ങി ആഗ്ര പേടയുമായി മടക്കം.



താജ്മഹൽ പോലെ  രാത്രിയിൽ വർണ്ണ വിസ്മയം തീർത്ത് ഞങ്ങളെ വരവേറ്റത് അക്ഷർധാം ടെമ്പിളാണ്. അക്ഷർധാമിന്റെ സൗന്ദര്യത്തെ മൊബൈലിൽ പകർത്താൻ അനുവാദമില്ലാത്തതിനാൽ സാധിച്ചില്ല. സ്വർണ്ണവും വൈരവും കൊണ്ട് അലംകൃതവും കൊത്തുപണികളാൽ സമ്പന്നവുമാണവിടം. ലൈറ്റുകളാൽ വർണാഭമായ അക്ഷർധാമിന്റെ രാത്രി ദൃശ്യം അതിമനോഹരമാണ്.

വീടുവിട്ടിറങ്ങിയിട്ട് 13 നാൾ പിന്നിടുന്നു. എത്രവേഗമാണ് ദിവസങ്ങൾ കടന്നുപോയത്. ഞങ്ങൾ നാട്ടിലേക്ക് തിരിക്കുകയാണ്. ക്ലാസ് മുറിയിലേക്കുള്ള, നാട്ടിലെ രുചിക്കൂട്ടുകൾക്കിടയിലേക്കുള്ള മടക്കം. ലോകമാന്യതിലക് നിസാമുദ്ദീൻ തിരുവനന്തപുരം എക്സ്പ്രസിൽ S1 കമ്പാർട്ട്മെന്റിലെ വിൻഡോ സീറ്റിലിരുന്ന് ഡൽഹിയോട് യാത്ര പറഞ്ഞു. നീണ്ട 12 ദിവസത്തെ ഓർമ്മകളുമായി മടക്കയാത്ര. ഇടയ്ക്ക് ഗോവ റെയിൽവേ സ്റ്റേഷനിലുമിറങ്ങി. സാധനങ്ങൾ വാങ്ങി,  യാത്ര തുടർന്നു.

2020 ഫെബ്രുവരി 5 പുലർച്ചെ 3മണി' നീണ്ട 15 ദിവസത്തെ യാത്ര കഴിഞ്ഞ് ഞങ്ങൾ കണ്ണൂരിൽ തിരിച്ചെത്തിയിരിക്കുന്നു. ഇനി വീട്ടിലേക്ക്... 15 ദിവസം മുമ്പ് വരെയുണ്ടായിരുന്ന തിരക്കേറിയ ദിനങ്ങളിലേക്ക്....


ജീവിതത്തിൽ പല യാത്രകൾ നടത്തിയിട്ടുണ്ടെങ്കിലും ഇത്രയും ദൈർഘ്യമേറിയ യാത്ര ഇതാദ്യമാണ്. ഡൽഹി ഇതിനു മുന്നേ കണ്ടിട്ടുണ്ട്. ഒന്നിലേറേതവണ.  പക്ഷേ അന്നൊന്നും ഡൽഹിക്ക് ഇത്ര മനോഹാരിത തോന്നിയിട്ടില്ല. ജീവിതത്തിലെ ആദ്യത്തെ വിദേശയാത്ര, അതും പാസ്പോർട്ടും വിസയും ഒന്നുമില്ലാതെ നടത്തിയതിന്റെ ആവേശം ഇനിയും അടങ്ങിയിട്ടില്ല. പലവിധ സംസ്കാരങ്ങളാൽ സമന്വയമാണ് നമ്മുടെ ലോകം എന്നതാണ് ഈ പഠനയാത്ര നൽകിയ വലിയ പാഠം.

ക്ലാസ്മുറിയിൽ ഒതുങ്ങിയ സൗഹൃദങ്ങളിൽ നിന്ന് മറ്റുള്ളവരിലേക്കുള്ള സൗഹൃദ വ്യാപനത്തിന്റെ, ചില തിരിച്ചറിവുകളുടെ,  തെറ്റിദ്ധാരണകൾ തിരുത്തുന്നതിനുള്ള അവസരം കൂടിയായി മാറി ഈ പഠനയാത്ര.

കോവിഡ്19 വ്യാപിക്കുമ്പോൾ യാത്ര നിർത്തണോ വേണ്ടയോ എന്ന ചോദ്യത്തിനുമുന്നിൽ വിഷമിച്ചു നിന്നപ്പോൾ പഠനയാത്ര തുടർന്ന് അനുഭവങ്ങൾ ഞങ്ങളിലേക്ക് ചേർത്തുവച്ച അധ്യാപകർ ഞങ്ങൾക്കു നൽകിയ പാഠം വലുതാണ്. പ്രതിസന്ധിയിൽ തകർന്നു പോകരുതെന്ന പാഠം.

സാമൂഹ്യശാസ്ത്ര  അധ്യാപികയാവാൻ ആഗ്രഹിക്കുന്ന എനിക്ക് കരിയർ വികാസത്തിനായി ഫലപ്രദമായി ഉപയോഗപ്പെടുന്നതാണ് വ്യക്തിപരമായി ഈ യാത്ര. കാരണം ഇതുവരെ പാഠപുസ്തകത്തിലെ ചിത്രങ്ങളിൽ നിന്ന് പരിചയപ്പെട്ട താജ്മഹലിനെ, ആഗ്ര കോട്ടയെ, പാർലമെന്റിനെ  ഇനി മുതൽ അനുഭവത്തിൽനിന്ന് പറയാൻ ആരംഭിക്കും.

ഓർത്തു വെച്ച്, ഉറങ്ങാതെ കാത്തിരുന്ന് ട്രെയിനിൽ ആഘോഷിച്ച ഞങ്ങളുടെ എല്ലാമായ ലിഷ ടീച്ചറുടെ പിറന്നാൾ ദിനവും, കാഴ്ചകൾ ഓരോന്നും എണ്ണിപ്പെറുക്കി കോർത്തുവെക്കാൻ പ്രചോദനമായ ജയേഷ് സാറും, അവിലുരുളയായി നീട്ടിയ ഷൈനിടീച്ചറുടെ സ്നേഹവും, ചേർത്തു നിർത്തിയ പ്രമീള ടീച്ചറുടെ കരുതലും, പ്രായത്തിലും അനുഭവത്തിലും ഞങ്ങളെക്കാൾ ഏറെ വലുതാണെങ്കിലും  യാത്രയ്ക്കിടയിൽ ഞങ്ങളോളം ചെറുതായ രഞ്ജിത്ത്സാറും, ഞങ്ങളിൽ ഒരാളായി ഒപ്പം കൂടിയ ഷിമോജ്സാറും പഠനയാത്രയുടെ ഓർമകളുടെ ഭാഗമാണ്. ഈ അനുഭവങ്ങളൊക്കെയും ഞങ്ങൾക്ക് സമ്മാനിച്ചത് പഠനയാത്രയുടെ ഒരു മാസം മുൻപേ പ്രയാസങ്ങളെല്ലാം ഒറ്റയ്ക്കേറ്റെടുത്ത് കോർഡിനേറ്റ് ചെയ്ത സന്തോഷ് സാറാണ്. ജീവിതത്തിൽ  ചെറുതും വലുതുമായ അനുഭവങ്ങൾ സമ്മാനിച്ചവർക്ക് നന്ദി.






വിസ്മയ കെ
(Physical Science)


# ടിക്ടോകിൻ ലോകം

പിറന്നിതാവീഴുന്നോരുകുഞ്ഞോമനതൻ
കരച്ചിലിതാകാണുന്നുകുഞ്ഞിൻഅച്ഛൻ
തൻഫോണിലെടിക്ടോകിൽ
തന്നിലെസത്യത്തെഏവർക്കും
കാട്ടുംവഴിയിതോടിക്ടോകിൻവീഡിയോ
പാടാനും, ആടാനും, അഭിനയിപ്പാനും
വേദിഒരുക്കുന്നിതല്ലോടിക്ടോകിൻലോകം
തൻമാതാവിൻഅന്ത്യശ്വാസം
ആഹ്ലാദമാക്കുന്നിതാപ്രിയപുത്രൻ
ലോകമേനോക്കൂ
നിന്നെയുംകാണുംവഴിഇനിടിക്ടോകിലല്ലോ .

## UNION REPORT 2019-21



**Varna K Nambiar**
(General Secretary)

The academic year 2019 - 2021 has been a successful year of growth and change for Crescent B.Ed College until the covid-19 hit in 2020. Through a range of new initiatives, our college has reached new heights in all fields, curricular, extra-curricular and sports. But everything got a sudden stop due to the pandemic and the crisis created by it. Still the union and the college tried its best to bring everyone together virtually. Here is the detailed report of the activities organized by the college union during this academic period.

**UNION ELECTION 2019 -2020**

The election for crescent B.Ed college union was decided on august 27th 2020 by our vice principal Santhosh sir. Students submitted their nomination for different posts and the election and the election date was decided on 5th September 2020. On 4th September 2020, "meet the candidate" ceremony was conducted. Every candidate addressed the students for casting their votes.

The election started at 9.30 am on 5th September 2020. 95 students from first year and 25 students from second year casted their votes. The counting started at 1.30 pm and the result was declared at 3.00 pm. And on the same day Teacher's day was also celebrated.

The candidates who were elected for different posts were;

Chairperson - Keerthana N V
Vice Chairman - Alden Denver Menzel
General Secretary - Varna K Nambiar
Joint Secretary - Mashoora Abdul Majeed
Fine Arts Secretary - Manya Gop
Student Editor - Revathy KP
U.U.C - Athul Babu
Sports Captain - Jeena Dasan

**Class Representatives:**
English – Farsana
Natural Science – Shalabha N Math – Babisha
Physical Science – Siji
Social Science – Vachana

Followed by the election the oath taking ceremony was conducted on 9th September 2020. Our beloved principal Dr. Neena Ma'am took the initiative in giving Oath to each union member. All the elected union members promised to do their respective duties in the coming days.

**ARTS DAY COMPETITION – OFF STAGE AARAVAM 2K19**
On stage competition were conducted on December 18 and 19, 2019.
Students were divided into 4 groups;
1. Yellow group
2. Green group
3. Blue group
4. Red group

Competitions were conducted between theses four groups. Group items included Thiruvathira, Oppana, etc. group dance included group songs, etc.
There were several single items also. Every item was judged by reputed Judges by college teachers and outside personalities.
Yellow group were the winners of arts day. Second were green group.
Individual champions were Revathi K P (off stage) and Keerthana N V (on Stage).
Prizes were distributed on the second day (19December, 2019).

**CHRISTMAS CELEBRATION**
The next program conducted was the Christmas celebration which was held on December 20th, 2020. Several programs were incorporated as a part of Christmas. There was a skit which showcased the life story of Jesus Christ, carol songs, crib making and so on. The program was inaugurated by Madayi church priest. Christmas friend game was also conducted and gifts were exchanged.

**SPORTS MEET**
Crescent B.Ed College, sports meet was conducted on January 10, 2020.
Welcome address by Jeena Dasan K (General Captain, college union).
Presidential address by Mr. RenjithK (Assistant professor, physical education).
Inauguration was done by Mr. Shaju (SI, Pazhayangadi Police station).
Later the flag was hoisted for the meet and received the salutation of the students march. After which Shaju sir read the oath to the students. March past and different competition items were conducted between four groups.
1. Yellow group
2. Green group
3. Blue group
4. Red group
In which, Red group received the championship trophy.
Individual Champions were Akshaya and Athul.

**TOUR 2019 –2021 BATCH**
Tour for 2019–21 batches was decided to Delhi, Agra and Nepal which started at 22/01/2020 and ended on 05/01/2020.
On 22/01/2020 we boarded on Amritsar Express from Kannur and reached Delhi on 24/01/2020.
For the next 2 days we went to many destinations in Delhi – Parliament, qutab minar, shopping. After which on 26/01/2020 we arrived at Gorakhpur, then it was a journey to Sunoly by bus. On 27/01/2020, we boarded the bus to Kathmandu. We visited manakama temple and pashupathinath temple.
Next days, were a journey to all the beautiful places and tourist destinations in Nepal (28/01/2020, 29/01/2020 and 30/01/2020)
On 01/02/2020, we arrived at Delhi. On 01/02/2020 and 02/02/2020, we visited our whole capital city which much excitement and surprise. Every place was covered as per our itinerary. On 03/02/2020, it was a return journey to our hometown in Trivandrum-Nizamudheen express. On 05/02/20, team reached at Kannur.
The whole team consisted of 60 students, seven escort teachers, our guide and the food team.

**ONLINE QUIZ COMPETITION**

Due to Covid-19, pandemic situation all the B.Ed trainees were spending their time at home. So college union conducted an online quiz competition "From missile Man to people's president a day to Remember Dr. APJ Abdul Kalam"on August 2nd2020. It was conducted through Kahoot (App). Winners of the competition were Babisha (Maths), Drishya (Maths), and Nayana (Natural Science).

At this juncture, I would like to express my sincere gratitude to each and everyone – the teaching and non teaching staff, union members and all the student teachers for their support in smooth conduct of college activities. My sincere thanks are also to the principal of Crescent B.Ed College, Joseph Kacharayil, College authorities for extending their complete cooperation and support during this academic year.

Sincerely,
Varna K Nambiar
General Secretary

## ACHIEVEMENTS



State Level Elocution Competition
– second prize winner

**Dishna Prasad**
( Social science )



Inter b.ed college athletic championship 2019-20
800 meter race- third place winner

**Akshaya P V**
(Social Science)



Kannur university kalolsavam 2019-20
Rangoli – second prize winner

**Vachana**
(Social Science)



ബിനി വിനോദ്
(Alumni)

# മകളോട്




തൂങ്ങിയാടുന്ന സമത്വവാദത്തിന് കീഴെ
ധീര വനിതകൾ തൻചുമർ ചിത്രത്തിന് താഴെ
പിന്നിപ്പോയ കുഞ്ഞുടുപ്പിന്റെ വക്കു
തുന്നിച്ചേർത്തു ഞാനിരിക്കുന്നു
കെടാ വിപ്ലവത്തിൻ പെൺ മനസ്സുമായ്
വിറകടുപ്പിൽ കനലെരിക്കുന്നു ....
അഗ്നിജ്വാലയായി ഞാൻ ജ്വലിക്കുന്നു
മാറ്റമില്ലാത്ത മനസ്സുകൾ ചുറ്റും
ഫെമിനിസത്തിന്റെ പ്രഹസനമാടുമ്പോൾ
എന്റെ സ്വപ്നത്തിന്റെ തായ് വേരിൽ
ഞാനെൻ ,സാമൂഹ്യ നീതിയുടെ കോടാലി വെച്ചു
തായ് മടിയിലിരുന്ന നാൾ പോയി
തന്ത്രി മീട്ടിയ താതന്റെ സ്നേഹം
തിരികെ യില്ല , തിരികെ വരില്ല
ഞാൻ വളർന്നു പോയ്, എന്നിലെ സ്ത്രീയും
കണ്ണുനീരിന്റെ കയ്പുനീർ മാത്രം
എൻ മടി തട്ടിലെ പൊൻ മകളേ നീ
ഒഴുക്കിനെതിരെ നീന്താൻ പഠിക്ക്
അനുഭവത്തിന്റെ ഊർജ്ജം പകർന്ന്
കുറിച്ചിടുന്നു നിനക്കായ് വാക്യം
പൊരുതി നേടണം സിംഹാസനം നീ
കുമ്പിടും ലോകം നിനക്കു മുന്നിലായ്
താങ്ങി നിൽക്കുമെൻ ശക്തമാം ഹസ്തം
തകർന്നു പോകും നാളെയൊരു നാളിൽ
അന്നും നീ നീയായ് നിൽക്കൂ ......
നിനക്കു തുല്യം നീ മാത്രമോർക്കു
അബലയല്ല നീ ,സംഹാര രുദ്രേ,
ഋതുമതി പൂവേ ..... നീയാണു പെൺമ.



ശലഭ എൻ
(Natural Science)

# ഇന്നലെകൾ വേദനിപ്പിക്കാനില്ല

ഇന്നലെകൾ വേദനിപ്പിക്കാനില്ല
നാളെകൾ ഇനി വരാനുമില്ല
ഒരു
ചെമ്പരത്തിപ്പൂവായാൽ
മതിയായിരുന്നു...
രാവിലെ എഴുന്നേറ്റ്
സന്ധ്യയ്ക്ക്
കൊഴിഞ്ഞുവീണാൽ മതിയല്ലോ....



Snoofa K
(English)

# THE SILENT DEPARTURE

Days when thoughts are like stars in the sky,
Filled, scattered and unfathomed
Sighs heavy and dark
You and me, a crescent,
Incomplete yet so beautiful

Tonight this tranquile depth
Seems unbearable
Every second and hour and
every hour a lifetime
when this silence grow heavier and heavier
the need of departure is hurrying near
may be for some untold dreams
or promises yet to keep
but with no certain place to go.





TEACHING FACULTY




ENGLISH




NATURAL SCIENCE




MATHEMATICS




PHYSICAL SCIENCE




SOCIAL SCIENCE





ഒരുവട്ടം കൂടിയെൻ...

# DISTINCTION HOLDERS



**Deepthi Gangadharan**
(Natural Science)
(1249/1500)



**Shemi Hameed**
(English)
(1239/1500)



**Naznin Nazir**
(Natural Science)
(1227/1500)



**Sreelakshmi P I**
(Natural Science)
(1219/1500)



**Mashoora Abdul Majeed**
(Natural Science)
(1217/1500)



**Mridula Mohan P**
(Social Science)
(1211/1500)



**Snoofa K**
(English)
(1205/1500)



**Dishna Prasad**
(Social Science)
(1204/1500)



**Siji T K**
(Physical Science)
(1201/1500)



**Keerthana N V**
(Natural Science)
(1200/1500)
















# ആർപ്പോ..........














# ജിംഗിൾ ബെൽസ്...





















## ഇനി



















## യില്ലിതുപോലെ...














# ക്രെസന്റിന്റെ പെൺകരുത്ത്...




















# ഹൃദയത്തിൽ സൂക്ഷിക്കാൻ"...























# കുഞ്ഞു കുഞ്ഞു വല്യ കാര്യങ്ങൾ...














# മ്മള് പൊളിയാട്ട...






















## പരിശീലന കളരിയിൽ...

































# ആഘോഷങ്ങൾ നിലയ്ക്കുന്നില്ല...

കല പ്രതിഭ



കീർത്തന എൻ വി
(Natural Science)

സർഗ്ഗ പ്രതിഭ



രേവതി കെ പി
(English)

























# റെഡി വൺ ടു ത്രീ...

## INDIVIDUAL CHAMPIONS



**Akshaya P V**
(Social Science)



**Athul Babu**
(Social Science)
















**R Madhumati**
(English)


















# വരയും വർണവും...





**Siji T K**
(Physical Science)

## ഒന്നും ഇവിടെ അവസാനിക്കുന്നില്ല...
## പുതിയ യാത്ര തുടങ്ങുകയായി...

ലോകത്തെ മുഴുവനായും വിഴുങ്ങാൻ ശേഷിയുള്ള കോവിഡ്  മഹാമാ
രി പിടിച്ചുലച്ച ഈ ദുരിത കാലത്തും അതിജീവനത്തിന്റെ പാതയിലൂടെ
ചെറുതല്ലാത്ത ദൂരം താണ്ടിയ ഒരു മാഗസിൻ കാലത്തിന് തിരശീല വീ
ഴുകയാണ്.. ഒരു വസന്തകാലത്തിൽ ആരംഭിച്ച യാത്ര, വഴിയിൽ തടഞ്ഞ
കല്ലുകളെയും മുള്ളുകളെയും വകഞ്ഞുമാറ്റി തടസ്സങ്ങളെയും വീർപ്പുമുട്ടലു
കളെയും അതിജീവിച്ച് യാത്രയുടെ അവസാനത്തിൽ എത്തിനിൽക്കുന്നു..
ഞങ്ങൾക്കറിയാം ഇതിലെ ഓരോ വരികളിലൂടെയും സഞ്ചരിക്കുമ്പോൾ
നിങ്ങൾക്ക് അവയിൽ ഇഷ്ടവും ഇഷ്ടക്കേടുകളും കണ്ടെത്താൻ ആ
യക്കാം.. എങ്കിലും ഒരുകാലത്തെ സ്നേഹവും സൗഹൃദവും സുഖവും ദു
□ഖവും ഇഴചേർന്ന വരികൾ നിങ്ങൾ ഏറ്റുവാങ്ങുമെന്ന് പ്രതീക്ഷിക്കുന്നു..

മഹാമാരിയുടെ കാലത്ത് ഞങ്ങളുടെ ഈ ചെറിയ ഉദ്യമത്തിൽ
സഹായിച്ച ക്രസെന്റ് ബിഎഡ് കോളേജ് പ്രിൻസിപ്പാൾ, ഞങ്ങളിൽ ഒരാ
ളായി ആദ്യാവസാനം കൂടെ നിന്ന ലിഷ ടീച്ചർ, ബാലകൃഷ്ണൻ മാഷ്,
ഷിമോജ് മാഷ്,മറ്റ് പ്രിയപ്പെട്ട അധ്യാപകർ,അനധ്യാപകർ, യൂണിയൻ ഭാര
വാഹികൾ,എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ തുടങ്ങി ഞങ്ങളുടെ ഈ
യാത്രയ്ക്ക് ഒപ്പം നിന്ന എല്ലാവർക്കും ഒരുപാട് സ്നേഹത്തോടെ നന്ദിയും
കടപ്പാടും രേഖപ്പെടുത്തുന്നു..

ഇവിടെ ക്യാമ്പസ് കാലത്തിന്റെ വർണാഭയിൽ ഊളിയിട്ട്  ഹൃദ
യത്തിലേറ്റിയ അനുഭവങ്ങൾ...മരിക്കാത്ത ഓർമ്മകളായി,ചിരികളായി,നേ
ാവുകളായി,പ്രണയമായി, പറഞ്ഞുതീരാത്ത വാക്കുകളായി അക്ഷര ചിറ
കറി നിങ്ങൾക്ക് മുന്നിലേക്ക് എത്തുകയാണ്... അതിജീവനത്തിന്റെ  നല്ല പ
ാഠങ്ങൾ പുതുതലമുറയ്ക്ക് പുത്തൻ വെളിച്ചമാകട്ടെ...

വിലയിരുത്തലുകൾക്കും വിമർശനങ്ങൾക്കും ഇട നൽകി
ക്കൊണ്ട്...

നന്ദി
സ്റ്റുഡന്റ് എഡിറ്റർ
രേവതി കെ പി



“Character is like a tree and reputation is like a shadow.
The shadow is what we think of it;
the tree is the real thing.”

-Dr. A.P.J Abdul Kalam


“തിങ്കളും താരങ്ങളും,
തൂവെള്ളി കതിർ ചിന്നും
തുംഗമാം വാനിൻ ചോട്ടി-
ലാണെന്റെ വിദ്യാലയം.”
- ഒളപ്പമണ്ണ